
# ജാമക്കാരന്‍

WATCHMAN



കാവല്‍ക്കാരന്‍

(ജാമക്കാരനില്‍) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിന്‍ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താന്‍ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യന്‍ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാന്‍ ആര്‍ക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കര്‍ത്താവില്‍ പ്രിയ വായനക്കാര്‍ക്ക്,**

ദൈവീക സമാധാനം നിങ്ങളില്‍ വര്‍ദ്ധിക്കുമാറാകട്ടെ.

നിങ്ങളുടെ മക്കള്‍ 10, 12 ക്ലാസ്സുകളില്‍ പരീക്ഷ എഴുതിയ കുട്ടികളെല്ലാം ജയിച്ചിരിക്കുമെന്നു കരുതുന്നു.

കുഞ്ഞുങ്ങള്‍ ക്കായി ഞങ്ങളും പ്രാര്‍ത്ഥിച്ചു. ജയിച്ച കുഞ്ഞുങ്ങളെ യേശുക്രിസ്തുവിന്റെ നാമത്തില്‍ അഭിനന്ദിക്കുന്നു.

പരീക്ഷയില്‍ തോറ്റ കുഞ്ഞുങ്ങള്‍ തളര്‍ന്നുപോകരുത്. വീണ്ടും നല്ല മാര്‍ക്കോടെ ജയിക്കാന്‍ ഒരവസരം കൂടെ ദൈവം നല്‍കിയിരിക്കുന്നു എന്ന് മനസ്സിലാക്കി നല്ലവണ്ണം പഠിക്കുക. ദൈവം നിങ്ങളെ വെറുക്കുന്നില്ല. തീര്‍ച്ചയായും സഹായിക്കും.

പൈതങ്ങളുടെ ഭാവി നമ്മുടെ ജീവിതത്തില്‍ വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് അവര്‍ക്കു നല്ല വിദ്യാഭ്യാസം നല്‍കേണ്ടത് നമ്മുടെ ചുമതലയാണ്. ആണ്‍ പെണ്‍ വ്യത്യാസമില്ലാതെ കുഞ്ഞുങ്ങളെ കഴിയുന്നവിധം നാം ശ്രദ്ധിക്കേണ്ടതാണ്. അവരുടെ കൂട്ടുകാര്‍ ആരെന്നും, അവര്‍ എപ്രകാരമുള്ളവരെന്നും അവരുടെ ജീവിതചര്യകളെക്കുറിച്ചും നാം അറിഞ്ഞിരിക്കണം.

വിദ്യാഭ്യാസ കാലത്ത് ഇവര്‍ പലവിധമായ പരീക്ഷകളില്‍ അകപ്പെടുവാന്‍ സാദ്ധ്യതയുണ്ട്. പ്രശ്നങ്ങളില്‍ അകപ്പെട്ട ശേഷം മാത്രമേ, നാം അറിഞ്ഞ് ഉപദേശത്തിനായി മറ്റുള്ളവരെ സമീപിക്കുന്നുള്ളൂ. അപ്പോള്‍ പരിഹരിക്കുവാന്‍ സാധിക്കാത്ത നിലയിലായിത്തീര്‍ന്നിരിയ്ക്കും.

അതുപോലെ തന്നെ വിദ്യാഭ്യാസ കാലയളവില്‍ ഇരുചക്രവാഹനങ്ങള്‍, കാര്‍ തുടങ്ങിയവ വാങ്ങി കൊടുക്കുന്നതും വളരെ കരുതലോടെ വേണം. തന്മൂലം പ്രശ്നങ്ങള്‍, ആപത്തുകള്‍ തുടങ്ങിയവ നേരിടേണ്ടിവരും. പൈതങ്ങള്‍ക്കായി ദിനംതോറും നിങ്ങള്‍ ഭാരത്തോടെ പ്രാര്‍ത്ഥിക്കേണ്ടത് ആവശ്യമാണ്.

# JULY 2015

# ദുരുപദേശകർ (വ്യാജശുശ്രൂഷകൾ)ക്കെതിരെ ജാഗ്രതയോടെ

നാളുകൾ കഴിയുംതോറും ഒരുപദേശശുശ്രൂഷകരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. സമീപകാലത്ത് തിരുച്ചി സിയോൻ, വിശ്വാസകൂടാരം(Z.F.T) Zion Fatih Tabernacle എന്ന ഒരു സഭയുടെ ശുശ്രൂഷകനായ വിക്ടർ ജ്ഞാനരാജ് എന്ന വ്യക്തിയുടെ തെറ്റായ ഉപദേശങ്ങളെക്കുറിച്ചു ധാരാളം വാർത്തകൾ കേൾക്കുകയുണ്ടായി. അദ്ദേഹത്തിന്റെ റ്റി.വി പ്രഭാഷണങ്ങളെക്കുറിച്ചുണ്ടായ ചോദ്യങ്ങളും വളരെയാണ്. അടുത്ത കാലത്ത് ശ്രീലങ്കയിൽ നിന്നുമുള്ള ദുരുപദേശ പ്രവാചകനായ സഹോ.ഗിർഫി, റ്റി.ലെനറോൾ എന്ന വ്യക്തിയെ ക്ഷണിച്ചു. തന്റെ സഭയിൽ നടത്തിയ യോഗങ്ങളെക്കുറിച്ച് ധാരാളം വാർത്തകൾ എനിക്ക് ലഭിക്കുകയുണ്ടായി. നേരത്തേതന്നെ പാസ്റ്റർ വിക്ടർ ജ്ഞാനരാജിന്റെ തെറ്റായ ഉപദേശങ്ങളെയും, അദ്ദേഹത്തിന്റെ കുടുംബപ്രശ്നങ്ങളെക്കുറിച്ചു, ജാമക്കാരനിൽ ഞാൻ എഴുതി മുന്നറിയിപ്പു നൽകിയിട്ടുണ്ട്. പലരും അത് വിശ്വസിച്ചില്ല. ഇപ്പോൾ ശ്രീലങ്കയിൽ നിന്നും വന്നതായ ദുരുപദേശ പ്രചാരകനായ ഗിർഫി.റ്റി ലെനറോൾ എന്ന വ്യക്തിയെ ക്ഷണിച്ചു തന്റെ സഭായോഗങ്ങളിൽ നടത്തിയ ദുരുപദേശങ്ങളെ പലരും നേരിട്ട് കേട്ടിട്ട് പാസ്റ്ററെ തങ്ങളുടെ എതിർപ്പുകൾ അറിയിച്ചു. തിരുസഭയുടെ നന്മയ്ക്കായി പ്രവർത്തിക്കുന്ന (G &T, Grace and Truth Coalition) ഒരു സംഘടന മുഖാന്തിരം വിക്ടർ ജ്ഞാനരാജ് അവർകളുടെ ഉപദേശപ്പിശകുകളെ കുറിച്ചു മുന്നറിയിപ്പു നല്കുവാൻ ആ സംഘടനയോട് അപേക്ഷിച്ചു. എന്നിട്ടും ഫലമുണ്ടായില്ല. അവർ മുന്നറിയിപ്പു നൽകിയോ ഇല്ലയോ എന്നും അറിയുകയില്ല. സാധാരണയായി G & T എന്ന സംഘടന. ശുശ്രൂഷകരെ വിളിച്ചുവരുത്തി യോഗത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു. അതിൽ തെറ്റായ ഉപദേശങ്ങളെക്കുറിച്ച് പാസ്റ്റർമാരോട് സംസാരിക്കും. അത്രതന്നെ. അല്ലാതെ തെറ്റായ ഉപദേശം പറയുന്ന പാസറ്റർമാരെ കർശനമായി ശാസിക്കയോ, മുന്നറിയിപ്പു നൽകുകയോ ചെയ്യുകയില്ല. പാസ്റ്റർ വിക്ടർ ജ്ഞാനരാജിന്റെ റ്റി.വി പ്രഭാഷണം മുഖേന ആയിരക്കണക്കിന് ജനങ്ങൾ അദ്ദേഹത്തിന്റെ ദുരുപദേശത്തിൽ വീണുപോയിരിക്കുമെന്നത് തീർച്ചയാണ്.

പാസ്റ്റർ വിക്ടർ ജ്ഞാനരാജ് ബാംഗ്ലൂരിൽ F.E.B.A പ്രക്ഷേപണ കേന്ദ്രത്തിൽ പബ്ലിക് റിലേഷൻ ഓഫീസറായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ എത്ര നല്ല ആത്മീക പരിജ്ഞാനമുള്ള വ്യക്തിയായിരുന്നു എന്ന് എനിക്കറിയാം. സഹോ.ദിനകരന്റെ ശുശ്രൂഷയിൽ അദ്ദേഹത്തിന്റെ തെറ്റായ ഉപദേശങ്ങളെക്കുറിച്ച് ആദ്യമായി ധൈര്യത്തോടെ എതിർത്ത് എന്നോടും മറ്റു സ്നേഹിതന്മാരോടും പറഞ്ഞത് ഇദ്ദേഹം തന്നെയാണ്. സഹോ.ദിനകരൻ പ്രാർത്ഥനയിൽ പറയുന്നതായ അന്യഭാഷയ്ക്കെതിരായി, അന്യഭാഷ തെറ്റ് എന്ന് വചന അടിസ്ഥാനത്തിൽ എന്നോട് വ്യക്തിപരമായി അഭിപ്രായം പങ്കുവെച്ച വ്യക്തിയും അദ്ദേഹം തന്നെയാണ്. അങ്ങനെയുള്ള ഒരാൾ ഇന്ന് വളരെ തെറ്റായ ശുശ്രൂഷയുടെ പാതയിൽ ധാരാളം ജനങ്ങളെ സത്യവചനത്തിൽ നിന്നും അകറ്റിക്കൊണ്ടിരിക്കുന്നത് കാണുമ്പോൾ പാസ്റ്റർ അവർകൾ പാതാളത്തിന്റെ അടിത്തട്ടിലേയ്ക്ക് താണുകൊണ്ടിരിക്കുന്നതായി മനസ്സിലാക്കുവാൻ കഴിയുന്നു. താൻ പാതാളത്തിൽ പോകുന്നതുമാത്രമല്ല, തന്റെ കുടുംബം, ഒന്നും അറിയാത്ത തന്റെ സഭാജനങ്ങൾ, റ്റി.വി സംപ്രേഷണം കാണുന്ന ലക്ഷണക്കണക്കിനാളുകളെയും ദുരുപദേശം മൂലം പിശാചിന്റെ കൈകളിൽ കൊണ്ടുപോയി കൊടുക്കുന്നു. ആർ ഇദ്ദേഹത്തെ തടയും? അനുദിനവും സ്വർഗ്ഗത്തിൽ പോയി വരുന്നത് സഹോ.ദിനകരൻ വശമിരുന്നാണ് ഇദ്ദേഹം പഠിച്ചത്.

അദ്ദേഹത്തെക്കാൾ ഒരു പടികൂടെ ഉയർന്ന് സ്വർഗ്ഗത്തിൽ, കണ്ണുകൾ, ചെവി, കിഡ്നി, ഹൃദയം മുതലായ ശരീര അവയവങ്ങൾ ലഭിക്കുന്ന ഭണ്ഡാരം താൻ കണ്ടുപിടിച്ചതായി അറിയിക്കുന്നു. ദൂതന്മാർ മനുഷ്യരുടെ അവയവങ്ങൾ എടുത്ത് മനുഷ്യർ വസിക്കുന്നതായ ഭൂമിയിൽ, തന്നെ സ്നേഹിക്കുന്നവർക്ക് supply ചെയ്ത് സൗഖ്യമാക്കുന്നതായി പറയുന്നു.



Spiritual Laughter ആത്മനിറവിനാൽ ചിരിക്കുന്നത് തമിഴ്നാട്ടിൽ സഹോ.എസക്കിയേൽ ഫ്രാൻസിസിന് ശേഷം ഇദ്ദേഹമാണ് തിരുച്ചിയിൽ അരങ്ങേറിയതെന്നു ഞാൻ കരുതുന്നു. ഇത് കാനഡായിൽ ചില വർഷങ്ങൾക്ക് മുമ്പ് ആത്മാവിൽ നിറഞ്ഞ് ചിരിക്കുന്നതായ ഉപദേശം പ്രചരിച്ചു. അത് ഇദ്ദേഹം ഏതു വിധേനയോ പരിശീലിച്ച് തന്റെ സഭാജനങ്ങളിൽ ചിലരെ ഭ്രാന്തരെപ്പോലെ ആക്കി.




## തന്നെത്തന്നെ ദൈവമാക്കിയ ഭയങ്കര പ്രവൃത്തി

പാസ്റ്റർ. വിക്ടർ ജ്ഞാനരാജ് അവർകൾ തന്നെ ദൈവമാക്കി പരിചയപ്പെടുത്തിയ ഭീകരപ്രവൃത്തിയും വായനക്കാർ അറിയേണ്ടുന്നതാണ്. (തിരുനെൽവേലി) മുക്കുടൽ എന്ന സ്ഥലത്തിൽ സഹോ.പാലാസീർ ലോറി എന്ന വ്യക്തി, അദ്ദേഹത്തിന്റെ മരണത്തിന് മുൻപ് ഞാനാണ് 'അള്ളാ, നാരായണൻ, മനുഷ്യപുത്രൻ' എന്നൊക്കെപ്പറഞ്ഞ് ജനങ്ങളെ കുഴപ്പിച്ച് പെട്ടെന്ന് തന്നെ മരിക്കയുണ്ടായി. ഇപ്പോൾ അദ്ദേഹത്തിന്റെ പുത്രൻ തന്റെ പിതാവിനെ ദൈവമാക്കി അവതരിപ്പിക്കുവാൻ ശ്രമിച്ചു വരുന്നു. അദ്ദേഹത്തിന്റെ മകനും ഒരു കൂട്ടം ജനങ്ങളെ കുഴപ്പിച്ചുകൊണ്ടിരിക്കുന്നു. മരിച്ചുപോയതായ പാലാസീർ ലോറി എന്ന വ്യക്തി ഇപ്പോൾ പലരെയും സൗഖ്യമാക്കിയതായി മകൻ പരസ്യപ്പെടുത്തുന്നു. പ്രത്യേകിച്ച് ഒരു മുസ്ലീം കുടുംബത്തിലെ ഒരാളെ പരേതനായ പാലാസീർ ലോറി സന്ദർശിച്ച് സുഖമാക്കിയതായി സാക്ഷ്യം ലഘുലേഖയിലൂടെ പ്രചരിപ്പിച്ചു. ഇത് ലോറി എന്ന വ്യക്തിയെ ദൈവമാക്കിക്കാണിക്കുവാൻ ഇവർ കുടുംബമായി ചെയ്യുന്ന വലിയ വഞ്ചന ആണ്. അതുപോലെ തന്നെ പാസ്റ്റർ വിക്ടർ ജ്ഞാനരാജ് അവർകളും ദർശനം മൂലം പലരുടെയും രോഗങ്ങൾ അവരവരുടെ ഭവനങ്ങളിൽ ചെന്ന് സൗഖ്യം വരുത്തിയതായി സാക്ഷ്യങ്ങൾ പ്രചരിപ്പിച്ചിരിക്കുന്നു. ശ്രീലങ്കയിൽ ഉള്ള ഗിർഫി എന്ന ശുശ്രൂഷകൻ വളരെ തെറ്റായ ദുരുദപദേശം പ്രചരിപ്പിക്കുന്നു എന്ന് ഞാൻ ശ്രീലങ്കയിൽ ശുശ്രൂഷക്കായി ആയിരുന്നപ്പോൾ പലരും എന്നോടു പറയുകയുണ്ടായി.

ഗിർഫി എന്ന വ്യക്തി തനിക്ക് മരണം ഇല്ല എന്ന് അവകാശപ്പെടുന്നു. അതുപോലെ താൻ ഭക്ഷണം ഒന്നും തന്നെ പല വർഷങ്ങളായി കഴിക്കുന്നില്ല എന്നും പറയുന്നു. മേൽ പറഞ്ഞതുപോലെ കോപസ്വേൻ എന്ന വ്യക്തിയും തമിഴ്നാട്ടിൽ നെയ്വേലി എന്ന സ്ഥലത്തുള്ള സഹോ.രാക്കിനി മേരിയും വേറെ ചിലരും തങ്ങൾ അന്തരീക്ഷത്തിലെ വായു മുഖേന തങ്ങളുടെ ശരീരത്തിന് പോഷണം ലഭിക്കുന്നതിനാൽ തങ്ങൾ ഭക്ഷണം ഒന്നും തന്നെ കഴിക്കുന്നില്ല എന്നും എങ്കിലും നല്ല ആരോഗ്യത്തോടെ ആയിരിക്കുന്നു എന്നും പച്ചക്കള്ളം പറയുന്നു. (ഗിർഫി എന്ന വ്യക്തി അമേരിക്കൻ പൗരത്വം ലഭിച്ച ആളാണ്.)

ഇവരിൽ ഒരാളോട് ഞാൻ വൈദ്യശാസ്ത്രം പഠിച്ച ഒരു ഡോക്ടർ എന്ന നിലയിൽ അവരെ പരിശോധിക്കുവാൻ അനുവാദം ചോദിച്ചു. അനുവാദം നിഷേധിക്കപ്പെട്ടു. ചില വർഷങ്ങൾക്കു മുമ്പ് ചില ഫോട്ടോകളോടുകൂടെ അവരെക്കുറിച്ച് ജാമക്കാരനിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. തനിക്ക് പിത്താശയവും (Gall Bladder) കുടലും ഇല്ല എന്ന് ഒരു സഹോദരി സാക്ഷ്യം പ്രസ്താവിക്കുകയുണ്ടായി അതിന് ഞാൻ അവരെ X-ray പരിശോധന നടത്തുവാൻ അനുവാദം ചോദിച്ചു. അതിനു സമ്മതം നൽകിയില്ല. ജാമക്കാരനിൽ ഇവരുടെ കള്ള സാക്ഷ്യങ്ങൾ പ്രസിദ്ധീകരിച്ചശേഷം തമിഴ്നാട്ടിലും, കേരളത്തിലും ആരും തന്നെ ഇവരെ പ്രസംഗത്തിന് അവസരം നൽകി ക്ഷണിക്കുന്നില്ല. കേരളത്തിലെ ഐ.പി.സി സഭയിൽ ഇവരെ ക്ഷണിച്ച് യോഗം നടത്തിയ പാസ്റ്റർ തന്നെ ആ സ്ത്രീ കള്ളം പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചതായും നാലു ദിവസത്തെ സ്തോത്രക്കാഴ്ചയും അതുപോലെ അവർക്ക് കൊടുത്തതായും, അതിനുശേഷം താൻ തന്നെ മറ്റു സഭകളിൽ ഇപ്രകാരമുള്ള കപടശുശ്രൂഷകരെക്കുറിച്ചറിയിച്ച് അവർക്കെതിരെ വളരെ ജാഗ്രതയോടെ ആയിരിക്കുവാനും അറിയിച്ചു എന്ന് എന്നെ അറിയിക്കുകയുണ്ടായി.



ഇപ്രകാരമുള്ള ശുശ്രൂഷകരെ ആർക്കും നേരിൽ കണ്ട് ഉപദേശിക്കുവാൻ സാധിക്കയില്ല. പറഞ്ഞാൽ വാഗ്വാദങ്ങൾ മാത്രമേ ഉണ്ടാകുകയുള്ളൂ. തങ്ങളുടെ തെറ്റു തിരുത്തുകയുമില്ല. G&T (Grace and Truth Coalition) പോലുള്ള സംഘടനകൾ അവരുടെ പ്രസംഗത്തിൽ മേൽ വിവരിച്ച വ്യാജ ശുശ്രൂഷകരുടെ ദുരുപദേശത്തെക്കുറിച്ചു മാത്രം സംസാരിക്കും. അവരുടെ പേരു പോലും പുറത്തു പറയത്തില്ല. പിന്നെ എങ്ങനെയാണ് ജനങ്ങൾക്ക് ദുരുപദേശം പ്രചരിപ്പിക്കുന്ന കപടശുശ്രൂഷകരെക്കുറിച്ച് ബോദ്ധ്യം ഉണ്ടാകുക?

## ഇതിന് എന്താണ് പോംവഴി?

ഇപ്രകാരമുള്ള വ്യാജ പ്രവർത്തകരെ അടയാളസഹിതം ചൂണ്ടിക്കാട്ടി ജനങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നതെങ്ങനെയാണ്.

എല്ലാ സഭാവിഭാഗങ്ങളിലെയും പാസ്റ്റർമാർ ഒന്നിച്ചു കൂടി ഇവരെക്കുറിച്ച് കർശനമായി പറയുവാൻ ക്രമീകരണം ചെയ്താൽ ശരിയാകുമോ? എന്നു ചിലർ ചോദിക്കുകയുണ്ടായി.

ഇപ്പോഴുള്ളതായ പാസ്റ്റർമാർ, ശുശ്രൂഷകർ എല്ലാവരും കരിസ്മാറ്റിക്ക് ഉപദേശങ്ങളിൽ ഉൾപ്പെട്ടവരാണ്. ഇവർക്കെല്ലാം വ്യാജ അന്യഭാഷയും, വ്യാജ ദർശനങ്ങളും ധാരാളമായി ഉണ്ട്. ഇങ്ങനെയുള്ളവർക്ക് എങ്ങനെയാണ് മേൽ പറഞ്ഞ ശുശ്രൂഷകരെ ഉപദേശിക്കുവാൻ കഴിയുക. ഇവർ തന്നേ യോഗ്യരല്ലല്ലോ.

ഇപ്പോഴുള്ളതായ തമിഴ് ക്രിസ്തീയ റ്റി.വി ശുശ്രൂഷകരിൽ ഭൂരിപക്ഷം പേരും, ഗിർഫിയെപ്പോലെ, വിക്ടർ ജ്ഞാനരാജിനെപ്പോലെ വ്യാജദർശനങ്ങൾ കാണുന്നവരാണ്.


ഈ നാളുകളിൽ ഉള്ള എല്ലാ റ്റി.വി പ്രാസംഗികരും, സഹോ.ദിനകരനിൽ നിന്നും പരിശീലനം ലഭിച്ച് കള്ളം പറയുവാനായി തുനിഞ്ഞ് ഇറങ്ങിയവരാണ്. ഇതിന്റെയൊക്കെ മൂല ഉറവിടം സഹോ.ദിനകരൻ ആണ്. സഹോ.ദിനകരൻ അവർകൾ ദൈവം തന്നോടു പറഞ്ഞു എന്ന് കള്ളം പറഞ്ഞു കാരുണ്യാ യൂണിവേഴ്സിറ്റി ആരംഭിച്ചു. അതിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി **"ബാല പങ്കാളിത്തം"** എന്ന പദ്ധതി മുഖേന ദൈവം കൽപിച്ചു എന്ന പേരിൽ ഒരു കുഞ്ഞിന്

# ദൈവവേല വ്യാപാരമായി ബാലജനപദ്ധതി (യേശുവിളിക്കുന്നു)




മരിച്ച ഡി.ജി.എസ് ദിനകരൻ അവർകളും മകൻ ബ്രദർ.പോൾ ദിനകരൻ അവർകളും ബാലജനപദ്ധതിയിൽ 3,000 രൂപ കൊടുത്ത കുട്ടികൾ മാത്രം സ്റ്റേറ്റ് റാങ്ക് കിട്ടി എന്നും പരസ്യപ്പെടുത്തുന്നു. ഇത് വിശ്വസിച്ച് ആയിരക്കണക്കിന് സ്കൂൾ കുട്ടികൾ 3,000 രൂപ അടച്ചാൽ ഫസ്റ്റ് റാങ്ക് കിട്ടുമെന്ന് വിശ്വസിച്ച് പൈസ അയച്ച് വഞ്ചിക്കപ്പെടുന്നു. അതുകൊണ്ട് പലകോടി രൂപകൾ ഇവർക്ക് ലഭിച്ചതായി പത്രവാർത്തകൾ പറയുന്നു. ഇത് ചെറിയ കുട്ടികളെപ്പോലും വഞ്ചിക്കുന്ന പദ്ധതിയായിട്ട് കാണപ്പെടുന്നു.

# ഹിന്ദു-മുസ്ലീം കുട്ടികൾക്കും ഫസ്റ്റ് റാങ്ക് കിട്ടി




தயவு செய்து இவ்விரண்டு பெண்களின் படத்தை பாருங்கள். கல்லையும் கட்டையையும் தெய்வமாக எண்ணி வழிபடுகிற பிள்ளைகள். ஆனாலும் தங்கள் பிரயாசத்தின் மூலம் எவ்வளவு மார்க் வாங்கியிருக்கிறார்கள் பார்த்தீர்களா? ஆண்டவரின் பேரை சொல்லி கழிசடைகள் நடத்திக்காட்டும் பிரார்த்தனை கூட்டத்தில் பங்குபெற்ற ஒரு பிள்ளை இப்படி மார்க் வாங்கியிருந்தால் ஊரே ரெண்டு பட்டிருக்கும். எங்கள் கூட்டத்தில் வந்து பங்குபெற்றபடியினால்தான் என்று சொல்லி தாங்கள் நடத்தும் இயேசு சிரிக்கிறார், இயேசு சாப்பிடுகிறார், இயேசு தூங்குகிறார் என்கிற பத்திரிக்கையில் அட்டை படத்தில் இவர்களின் பெயரை போட்டு அதன்மூலம் ஒரு விளம்பரத்தை யும் செய்து அதையே காசு சேர்க்கும் வேலையிலும் இறங்கியிருப்பார்கள். கிறிஸ்தவ பிள்ளைகள் அல்லாதவர்களின் படத்தை போட்டு விளக்கி கூறினாலும் கழிசடைகள் தங்களை மாற்றிக்கொள்ள வில்லையென்றால் இன்னமும் நாம் என்னத்தான் சொல்லி இவர்களை விளங்க வைப்பது?

മുകളിൽ കാണുന്ന ഫോട്ടോയിലുള്ള ഹൈന്ദവ സ്കൂൾ വിദ്യാർത്ഥികൾ അവർക്ക് ലഭിച്ച മാർക്കുകൾ ഫോട്ടോയിൽ കാണാം. അവരും ഫസ്റ്റ് റാങ്കും, ഗോൾഡ് മെഡലും ലഭിച്ചവരാണ്. ഈ ഹൈന്ദവ-മുസ്ലീം യുവാക്കളും യുവതികളും ബാലജനപദ്ധതിയിൽ 3,000 രൂപ കോഴ കൊടുക്കാത്തവരാണ്. പക്ഷേ അവർക്ക് ഫസ്റ്റ് റാങ്കും, ഗോൾഡ് മെഡലും കിട്ടി.

പഠിക്കുന്ന കുട്ടികൾ ശ്രദ്ധയോടെ കഠിനാദ്ധ്വാനത്തോടു പഠിച്ചാൽ ദൈവത്തിനോ യേശുവിളിക്കുന്ന സ്ഥാപനത്തിനോ കോഴ കൊടുക്കാതെ തന്നെ പാസാകുവാനും സാധിക്കും. ഫസ്റ്റ് റാങ്കും, ഗോൾഡ് മെഡലും വാങ്ങാനും സാധിക്കും. പ്രാർത്ഥനയെ വിലക്കി വാങ്ങുന്ന വ്യാപാരത്തിൽ ക്രിസ്ത്യാനികളും ഹൈന്ദവരും പങ്കെടുക്കാതെ ജാഗ്രതയോടിരിപ്പിൻ.

3000 രൂപ എന്ന കണക്കിൽ ഓരോ കുടുംബത്തിൽ നിന്നും ധനം ശേഖരിച്ചു. ദൈവത്തിന്റെ പേര് തെറ്റായി ഉപയോഗിച്ചതുമൂലം സഹോ.ദിനകരന് തന്റെ ഏക മകളെ നഷ്ടപ്പെടുവാൻ ഇടയായി. ഇത്രയും വലിയ മരണ മുന്നറിയിപ്പ് നടത്തിട്ടും അദ്ദേഹം തന്നെ തിരുത്തിയില്ല. പ്രാർത്ഥനയിൽ പേർ വിളിക്കുന്ന (വിദ്യ) സൂത്രം തന്റെ മകൻ പോൾ ദിനകരൻ മുതൽ, മോഹൻ. സി.ലാസറസിന് വരെ അഭ്യസിപ്പിച്ചു കഴിഞ്ഞു. ഏകദേശം ഇപ്പോഴുള്ളതായ എല്ലാ റ്റി.വി ശുശ്രൂഷകരും പ്രാർത്ഥനയിൽ പേര് വിളിയ്ക്കുവാൻ ആരംഭിച്ചു കഴിഞ്ഞു. അതു മാത്രമല്ല ജനങ്ങളുടെ സഹതാപം നേടുവാനായി പ്രസംഗത്തിൽ കരയുവാനും തുടങ്ങിക്കഴിഞ്ഞു. മകൻ പോൾ ദിനകരനും കരയുന്നു. മോഹൻ സി.ലാസറസും, കാർ മുതലാളി സഹോ.സ്റ്റീഫനും ചില മാസങ്ങളായി പ്രസംഗത്തിലും പ്രാർത്ഥനയിലും കരയുന്നു. ഇവർ കരയുന്നതുകണ്ട് യോഗത്തിൽ സംബന്ധിക്കുന്നവരും കരയുവാൻ തുടങ്ങിക്കഴിഞ്ഞു. ഇത് റ്റി.വി മൂലം ജനങ്ങൾ കരയുന്നത് wall post അച്ചടിച്ച് പ്രചരിപ്പിക്കുന്നു. തൊപ്പി കച്ചവടക്കാരന്റെയും കുരങ്ങിന്റെയും കഥ എല്ലാവർക്കും അറിയാവുന്നതാണല്ലോ. ആ സൂത്രമാണ് ഇവരൊക്കെയും തങ്ങളുടെ യോഗങ്ങളിൽ കൈകാര്യം ചെയ്യുന്നത്.

* 1000 രൂപ കൊടുത്താൽ ഒരു ലക്ഷമായി തിരികെ ലഭിക്കും എന്ന പല കള്ള സാക്ഷ്യങ്ങളും വളരെ എളുപ്പത്തിൽ പ്രചരിപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്യുന്നു.

* ഇവരെയൊക്കെയും വിശ്വസിക്കുവാനും ധാരാളമായിപണം വാരിക്കോരി നൽകുവാനും. ഇവരെ ക്ഷണിച്ചുവരുത്തി യോഗങ്ങൾ ക്രമീകരിക്കുവാനും കപടഭക്തിയുള്ള ക്രിസ്ത്യാനികളും, സഭാശുശ്രൂഷകരും, ബിഷപ്പുമാരും ധാരാളം ഉണ്ട്. മുകളിൽ സൂചിപ്പിച്ച പ്രകാരം സഭയുടെ നേതാക്കന്മാർ, ബിഷപ്പുമാർ ഇവരിലാരെങ്കിലും തങ്ങളുടെ മഹായിടവകയിൽ ഇപ്രകാരമുള്ളവരെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകി, സഭാജനങ്ങളെ ഇവരിൽ നിന്നും രക്ഷിക്കും എന്നു കരുതുന്നുവോ? തീർച്ചയായുമില്ല.

ശുശ്രൂഷയ്ക്കായി ഞാൻ വിദേശത്തായിരുന്നപ്പോൾ കൂടെയുണ്ടായിരുന്ന രണ്ട് ബിഷപ്പുമാരോട് പ്രാർത്ഥനയിൽ പേർ വിളിക്കുന്നതായ മറ്റ് രണ്ട് ദൈവവേലക്കാരെക്കുറിച്ചുള്ള വിവരങ്ങൾ എഴുതി ഏൽപ്പിച്ചു. ഇതു കൈവശം വെച്ചുകൊൾക. ഇൻഡ്യയിൽ തിരിച്ചു പോയ ഉടനെ ഈ ശുശ്രൂഷകരെ നേരിൽ സന്ദർശിക്കും എന്നു നിങ്ങൾ പറഞ്ഞുവല്ലോ. ആ സന്ദർഭത്തിൽ മുഖാമുഖമായിതന്നെ ഇവരുടെ കള്ള സാക്ഷ്യങ്ങളും, ദൈവവേലയെ കച്ചവട തന്ത്രമാക്കുന്നതിനെയും ഒക്കെ തുറന്ന് ഇവരോട് സംസാരിക്കുക, ഞാൻ പറഞ്ഞതായി എന്റെ പേര് എടുത്തു പറഞ്ഞാലും എനിക്ക് പരാതിയില്ല എന്നു പറഞ്ഞു. മേൽപറഞ്ഞ ബിഷപ്പുമാർ വിദേശത്തെ ശുശ്രൂഷ കഴിഞ്ഞ് നാട്ടിൽ വന്നു. അതിനുശേഷം എന്തു സംഭവിച്ചു എന്നറിഞ്ഞുകൂടാ. പക്ഷേ ഞാൻ നാട്ടിൽ തിരികെയെത്തിയപ്പോൾ നേരത്തേ പരാമർശിച്ചതായ രണ്ടു ബിഷപ്പുമാരും മേൽ സൂചിപ്പിച്ചതായ കപട ശുശ്രൂഷകന്മാരുടെ യോഗത്തിൽ സംബന്ധിക്കുകയും സ്റ്റേജിൽ അവരുടെ സമീപത്തിരുന്ന് ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നതും അവരുടെ മാസികയിൽ കണ്ടു. ഇപ്രകാരമുള്ള ബിഷപ്പുമാരാണോ ഈ വിധത്തിലുള്ള കപടവേലക്കാരിൽ നിന്ന് മഹായിടവകയെ, സഭയെ സംരക്ഷിക്കുന്നത്? ഒരു വഴിയുണ്ട്. എന്നെപ്പോലെ ജാമക്കാരൻ മാസിക മുഖാന്തിരവും പോണ്ടിച്ചേരിയിലെ സാംസൺ പോളിനെപ്പോലെയും (ഡിഫന്റർ മാസികയുടെ അന്തരിച്ച റ്റി.എസ് ബാലൻ, കേരള) അദ്ദേഹത്തിന്റെ മാസിക മുഖാന്തിരമോ, കോട്ടയം ദൗത്യം എന്ന മാസിക പോലെയും ജനങ്ങൾക്ക് ഇവരുടെ പൊയ്മുഖത്തെ തുറന്നു കാണിച്ച് ദുരുപദേശങ്ങളെ

വിശദീകരിച്ച്, അവരുടെ ഫോട്ടോ പ്രസിദ്ധീകരിച്ച് ധൈര്യമായി ജനങ്ങളെ അറിയിക്കുന്നതായ മാസികകൾ ഇനിയും അധികമായി ഉണ്ടാകണം. തന്മൂലമുണ്ടായേക്കാവുന്ന പ്രശ്നങ്ങൾ, ഒക്കെയും ദൈവത്തിനായി സഹിക്കുവാനുള്ള തന്റേടം ഉള്ളവർ വർദ്ധിക്കണം. അല്ലാതെ ഞങ്ങളപ്പോലെ ചുരുക്കം ചിലരുടെ മാസിക മുഖാന്തിരം മാത്രം കോടിക്കണക്കിന് ക്രിസ്തീയ ജനതയ്ക്ക് ബോധ്യം ഉണ്ടാക്കുവാൻ സാധിക്കയില്ല.



ആകയാൽ പിശാച് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതായ മാധ്യമങ്ങളായ, ടി.വി, മാസിക, തുറന്ന പ്രസംഗങ്ങൾ എന്നിവ മുഖാന്തിരം ദൈവത്തിന്റെ യഥാർത്ഥ വേലക്കാരും ജനങ്ങളെ ബോധവൽക്കരിച്ച് ഇപ്രകാരമുള്ള വിപത്തിൽ നിന്ന് രക്ഷിക്കേണ്ടത് ആവശ്യമാണ്. വേറെ മാർഗ്ഗങ്ങളില്ല. ദുരുപദേശ (Cult ത്തെ കപടശുശ്രൂഷയെ) ശുശ്രൂഷ എന്ന പേരിൽ സഹോ.ദിനകരൻ, പോൾ.ദിനകരൻ, മോഹൻ.സി.ലാസറസ്, വിക്ടർ ജ്ഞാനരാജ്, രാജൻ ജോൺ, ഏയ്ഞ്ചൽ റ്റി.വി, സാധു സെൽവരാജ്, സഹോ.ജഡ്സൺ എബ്രഹാം, വിൻസന്റ് സെൽവകുമാർ, ആശീർവാദം റ്റി.വി, അലൻപോൾ, റൂഹാ ആൽവിൻ തോമസ്, കാർ സ്റ്റീഫൻ, ജവഹർ ശാമുവേൽ, എസക്കിയേൽ ഫ്രാൻസിസ് തുടങ്ങിയവരും ഇവരെപ്പോലെ കേരളത്തിൽ പലരും ദുരുപദേശ ശുശ്രൂഷകന്മാരുടെ പട്ടികയിലുണ്ട്. ഇത് ബൈബിൾ കോളേജിലെ വിദ്യാർത്ഥികൾ 2009-ൽ ഗവേഷണം നടത്തി തയ്യാറാക്കിയതാണ്.

ഇതുപോലെ തന്നെ കേരളത്തിലും ദുരുപദേശക്കാരുടെ പട്ടിക പെരുകിയിട്ടുണ്ട്. സജിത്ത് കണ്ണൂർ, ചെയ്യുന്ന (ശുശ്രൂഷ?) പ്രവർത്തനം വേദവചനത്തിന് എതിരാണ്. ചെറിയ



കുട്ടികളെപ്പോലും ദുരുപദേശത്തിൽ കൊണ്ടുപോകുന്നതായി കുറ്റാരോപണം ഉണ്ടായിരിക്കുന്നു. Child Welfare committee എന്ന സ്ഥാപനം ഇദ്ദേഹത്തിന് വിരോധമായുള്ള കുറ്റാരോപണം പോലീസിന് കൈമാറിയതായി പറയപ്പെടുന്നു. ഇതുപോലെ തന്നെ മുല്ലക്കര ദേവസ്യ എന്ന വ്യക്തിയുടെ ശുശ്രൂഷയും ദുരുപദേശകരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജാമക്കാരൻ കുടുംബങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിച്ചു. പലരുടെയും ആത്മീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വചനം അനുസരിക്കുന്നതിലും കർത്താവു അത്ഭുതസൗഖ്യം നൽകിയതു അവരുടെ സാക്ഷ്യങ്ങളിലൂടെ അറിഞ്ഞു. കത്തെഴുതി അറിയിച്ചവർക്കായും ദൈവം അവർക്കു നൽകിയ സൗഖ്യത്തിനായും ഞങ്ങൾ ദൈവത്തെ സ്തുതിയ്ക്കുന്നു. **കർത്താവിന്റെ വരവിൽ** നാം തമ്മിൽ കണ്ടുമുട്ടുന്നതുവരെ ദൈവകൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കട്ടെ. ആമേൻ.

**ഡോ.പുഷ്പരാജ്**

# റ്റി.വി പ്രസംഗകൻ ദേവസ്യ മുല്ലക്കരയും – 1400 പിശാചുക്കളും



മുകളിൽക്കാണുന്ന ഫോട്ടോയിൽ കാണുന്ന സ്ത്രീയുടെ ഉള്ളിലുണ്ടായിരുന്ന പിശാചുക്കളെ വിരട്ടിയ ശേഷം മൈക്കു വഴി മുല്ലക്കര അറിയിച്ചത് : "ഈ സ്ത്രീയുടെ തലയിൽ കൈവച്ചപ്പോൾ 1400 പിശാചുക്കൾ ഇവളെ വിട്ട് ഒന്നൊന്നായി ഓടിപ്പോകുന്നത് ഞാൻ കണ്ടു" ഇതാണ് ആ വീഡിയോയിൽ കണ്ടത്. ഇപ്പോൾ ചോദ്യമിതാണ് : ഈ സഹോദരി ഇവരുടെ കൂട്ടത്തിൽ വോളന്റിയർ ആയി ദൈവവേല ചെയ്യാൻ കടന്നുവന്ന അന്യഭാഷ സംസാരിക്കുന്ന വിശ്വാസിയാണ്. ഇവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവൾ എന്ന് അറിയപ്പെടുന്നു. ഇങ്ങനെയുള്ള ഒരു വിശ്വാസിയുടെ ശരീരത്തിൽ എങ്ങനെയാണ് 1400 പിശാചുക്കൾ കയറി ഇരുന്നത്? ഈ സഹോദരിയുടെ മേൽ കൈവച്ചപ്പോൾ ചില നിമിഷങ്ങളിൽ 1400 പിശാചുക്കളെ എണ്ണുവാൻ എങ്ങനെ കഴിഞ്ഞു? കള്ളത്തിന് ഒരു അതിരില്ലാതെ പോയല്ലോ?

മറ്റൊരു സ്ത്രീ ചില വർഷങ്ങൾക്കു മുമ്പ് കുഞ്ഞ് ഇല്ല എന്ന് ഇദ്ദേഹത്തിന്റെ അടുക്കൽ പ്രാർത്ഥിക്കാൻ വന്നു. "അടുത്ത വർഷം ഇതേ മാസം നീ കുഞ്ഞിനോടുകൂടെ ഇവിടെ വന്നു സാക്ഷ്യം പറയും" എന്ന് പ്രവചനം പറഞ്ഞു.

രണ്ടു വർഷങ്ങൾ കഴിഞ്ഞ ശേഷം അതേ സ്ത്രീ ഇദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞശേഷം യോഗം നടക്കുന്ന സ്റ്റേജിൽ വന്നു. സഹോദരി സാക്ഷ്യം പറയാൻ വന്നു എന്ന് കരുതി മൈക്ക് ഏല്പിച്ചു. പക്ഷെ ഈ സഹോദരി "സാർ പറഞ്ഞതുപോലെ എനിക്കു കുഞ്ഞുണ്ടായില്ല. സാർ എനിക്കു പ്രവചനം പറഞ്ഞ് 3 വർഷമായി." സ്റ്റേജിലുള്ള വോളന്റിയർമാർ ഞെട്ടിപ്പോയി. ഉടനെ മുല്ലക്കര അവർകൾ വികാരാവേശത്തിൽ "അടുത്ത വർഷം ഇതേ മാസം നിനക്കു ഒരു കുഞ്ഞുണ്ടാകും. അങ്ങനെ കുഞ്ഞ് ലഭിച്ചില്ലെങ്കിൽ എന്റെ സ്വന്തം മകളെ നിനക്കു ദാനമായി നൽകും എന്ന് ഈ ജനസമൂഹത്തെ മുൻനിർത്തി അറിയിക്കുന്നു." എന്ന് പറഞ്ഞു. പല വർഷങ്ങൾ കഴിഞ്ഞിട്ടും ആ സഹോദരിക്കു ഇതുവരെ കുഞ്ഞു ലഭിച്ചില്ല. ഇദ്ദേഹത്തിന്റെ ആരാധനയക്കു പോകുന്നത് ആ സഹോദരി നിർത്തി.

## യേശുവിളിക്കുന്നു – റ്റി.വി ശുശ്രൂഷാ പരസ്യം

ഈ ശുശ്രൂഷയ്ക്ക് 1000/– രൂപാ സഹായിച്ചാൽ റ്റി.വിയിൽ പരസ്യപ്പെടുത്തുന്നതാണ്. നിങ്ങൾക്കുവേണ്ടി അന്ന് പ്രാർത്ഥന ഉണ്ടായിരിക്കും.

10,000/– രൂപ കാണിയ്ക്ക അയച്ചാൽ റ്റി.വി പരിപാടികളിൽ നിങ്ങളുടെ കുടുംബഫോട്ടോ പ്രദർശിപ്പിക്കുകയും, പ്രത്യേക പ്രാർത്ഥനയും ഉണ്ടായിരിക്കും. വ്യക്തിപരമായി പ്രാർത്ഥനയും ഉണ്ടായിരിക്കും.

ഇതിൽ ശ്രദ്ധിക്കേണ്ടത് ഓർഡിനറി പ്രയറും സ്പെഷ്യൽ പ്രയറും എന്നിവയാണ്. ഇതിന്റെ പ്രത്യേകത എന്താണെന്ന് അറിയാൻ ആഗ്രഹമുള്ളവർ യേശുവിളിക്കുന്നു ഓഫീസിൽ വിളിച്ച് ചോദിക്കുക. അതോടൊപ്പം അവർ പറയുന്നു "100 രൂപ അയക്കുന്നവർക്ക് ഒറ്റത്തവണ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്." ബാലജനപദ്ധതിയിൽ 3000/- രൂപ അടച്ചാൽ 25 വർഷം ആ കുഞ്ഞുങ്ങൾക്ക് സംരക്ഷണം ഉണ്ടായിരിക്കും. യേശുവിളിക്കുന്നു ശുശ്രൂഷയിൽ നിങ്ങൾക്ക് ഒരു പങ്കും; സ്റ്റേറ്റിൽ ഫസ്റ്റ്റാങ്കും കിട്ടും.

## നാലുമാവടി മോഹൻ.സി.ലാസറസ് - വീടുപണിയാൻ പണം ലഭിച്ച അത്ഭുതം

"തമിഴ്നാട്ടിലെ നാലുമാവടി എന്ന സ്ഥലത്ത് പ്രാർത്ഥനാമണ്ഡപം പണിയാൻ ഞാൻ 5000/ രൂപ കാണിയ്ക്ക അയച്ചു. അയച്ച ഒരാഴ്ചയിൽ എന്റെ വീട്ടിന്റെ വാതിൽ തട്ടി ഞാൻ വീട് പണിയാൻ ആഗ്രഹിച്ച് കാത്തിരുന്ന 10 ലക്ഷം ഒരു ബ്രീഫ്കേസിലാക്കി തന്നിട്ടുപോയി." ഇത് ബ്രദർ മോഹൻ.സി.ലാസറസിന്റെ മാസികയിൽ വന്ന സാക്ഷ്യപ്പരസ്യമാണ്. 5000/- രൂപ കാണിയ്ക്ക അയച്ചാൽ 10 ലക്ഷം കിട്ടും എന്നത് എന്തൊരു വ്യാപാരതന്ത്രമാണ്. ഇക്കാലത്ത് മുൻപ് പരിചയമില്ലാത്ത ഒരു വ്യക്തി വാതിൽ തട്ടി 10 ലക്ഷം ഏല്പിക്കുമോ? ഇതാണ് ദൈവവേലയുടെ വ്യാപാരം! വായനക്കാർ വഞ്ചിക്കപ്പെടരുത്!!

## USA & CANADA SPRITUAL MEETINGS:

2015 **OCTOBER** 6 TO 18 - CANADA & USA

## GULF SPRITUAL MEETINGS:

2015 **OCTOBER** 21 TO 31-CSI ABU DHABI- Ph : 00971-504120123

2015 **NOVEMBER** 23 TO 27-CSI DUBAI - Ph: 00971-504440679

## ജാമക്കാരൻ ആവശ്യപ്പെടുന്നവർ

ചിലർ മണി ഓർഡർ അയച്ചിട്ടു ജാമക്കാരൻ എന്തുകൊണ്ടു ഇതുവരെ ഞങ്ങൾക്ക് അയച്ചിട്ടില്ല എന്ന ദേഷ്യത്തോടെ കത്തെഴുതുന്നു. ഇപ്പോഴുള്ള E.M.O യിൽ എന്തിനുവേണ്ടി അയയ്ക്കുന്നു എന്നുള്ള സൗകര്യം ഉണ്ട്. ജാമക്കാരനു വരിസംഖ്യയില്ല. അതുകൊണ്ട് പുതുതായി ജാമക്കാരൻ ആവശ്യമുള്ളവർ നിങ്ങളുടെ മുഴു അഡ്രസ്സ് (വലിയ അക്ഷരത്തിൽ) പിൻകോഡ് സഹിതം ഫോൺ നമ്പരും അറിയിക്കുന്നത് സൗകര്യമായിരിക്കും. ജാമക്കാരൻ ഒരു മാസം തമിഴ് അടുത്തമാസം മലയാളം എന്നിങ്ങനെ പ്രിന്റ് ചെയ്തു അയയ്ക്കുന്നു. ഇന്റർനെറ്റിൽ വരുന്ന മാസിക ഡൗൺലോഡ് ചെയ്തു അതു മറ്റുള്ളവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

# പണം നിശ്ചയിക്കുന്നു

ഇന്ത്യയിൽ മിക്ക വിഷയങ്ങളിലും പണമാണ് കാര്യങ്ങൾ നിശ്ചയിക്കുന്നത്. ക്രിസ്തീയ സ്ഥാപനങ്ങൾ, ശുശ്രൂഷകൾ, ആരാധനാലയം പണിയുന്നത് തുടങ്ങിയ കാര്യങ്ങളിൽ കോഴ കൊടുക്കാതെ നൂറു ശതമാനം യഥാർത്ഥ വിശ്വാസിയായി ജിവിക്കണം എന്ന് എത്ര ഉറച്ചു നിന്നാലും പണം, കൈക്കൂലി എന്ന പേരിൽ അല്ലാതെ വേറെ രീതിയിൽ നൽകിയാൽ മാത്രമേ കാര്യങ്ങൾ നടക്കുകയുള്ളൂ. ചില സ്ഥാപനങ്ങൾ പോലും വസ്തു വാങ്ങിക്കുമ്പോൾ, കെട്ടിടങ്ങൾ വാങ്ങുമ്പോൾ, ഞങ്ങൾ ഒരു പൈസ പോലും കോഴ കൊടുക്കാതെ സാധിപ്പിച്ചു എന്നു പറഞ്ഞാലും അവർ നൽകിയ വിലയുടെ ഒരു വിഹിതം കോഴയായി അവരറിയാതെ മാറ്റപ്പെട്ടത് അറിയുവാൻ കഴിയും.

## കൈക്കൂലിക്ക് പല പേരുകളുണ്ട്

എന്റെ ശുശ്രൂഷയിൽ ഇതുവരെ കൈക്കൂലി കൊടുക്കുകയില്ല എന്ന് തീരുമാനിച്ച് അതിൽ തന്നെ ഉറച്ചു നിന്നു പ്രവർത്തിച്ചു. 1966-ൽ ആണെന്ന് തോന്നുന്നു. ഒരിക്കൽ അത്യാവശ്യമായി മദ്രാസിന് (ചെന്നൈ) പോകേണ്ടതായി വന്നു. റിസർവേഷൻ ടിക്കറ്റ് ലഭിച്ചില്ല. കരിഞ്ചന്തയിൽ ടിക്കറ്റ് വാങ്ങിത്തരുവാൻ എന്റെ ചികിത്സയിലുണ്ടായിരുന്ന ഒരാൾ സഹായിക്കാമെന്ന് ഏറ്റു. ട്രെയിൻ പുറപ്പെടുന്ന സമയം വന്നാൽ മതി എന്നറിയിച്ചു. രാത്രി ട്രെയിൻ ഫ്ളാറ്റ്ഫാമിൽ വന്നു നിന്നു. ഒരാൾ ഓടിക്കൊണ്ട് ഒരു ടിക്കറ്റ് എന്നെ ഏൽപ്പിച്ചു. അതിന്റെ പിറകുവശം, പേര്, വയസ്സ് ഒക്കെ കുറിച്ചിരിക്കും. ടിക്കറ്റിന്റെ യഥാർത്ഥ വിലയേക്കാൾ 40 രൂപാ അധികം ആവശ്യപ്പെട്ടു. ഞാൻ ആവശ്യപ്പെട്ട തുക നൽകി. ഉടനേ ടിക്കറ്റ് നൽകിയ ആൾ പറഞ്ഞു. "സാർ നിങ്ങളുടെ പേര് മുരുകേശൻ വയസ്സ് 49 മറക്കരുത് ടിക്കറ്റ് പരിശോധിക്കുന്നവർ ചോദിച്ചാൽ ഇങ്ങനെ വേണം പറയുവാൻ എന്ന് പറഞ്ഞ് സ്ഥലം വിട്ടു.

കോച്ച് കണ്ടുപിടിച്ച് ക്രമനമ്പർ പ്രകാരം Upper ബെർത്തിൽ കിടന്ന് പേപ്പർ വായിച്ചു. ട്രെയിൻ ഓടിക്കൊണ്ടിരുന്നു. ടിക്കറ്റ് പരിശോധകൻ (T.T.R) വന്നു. ഓരോരുത്തരുടെയും ടിക്കറ്റ് വാങ്ങി തന്റെ കൈവശമുള്ള ചാർട്ടിൽ നോക്കി പരിശോധിച്ചു വന്നു. ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചില്ല. മുരുകേശൻ ആരാണ്? എന്ന് ഉറച്ച ശബ്ദത്തിൽ ചോദിച്ചു. എന്നിട്ടും ഞാൻ ശ്രദ്ധിച്ചില്ല. കിടക്കയുടെ നമ്പർ പറഞ്ഞ് വീണ്ടും ഉറക്കെ ചോദിച്ചു. അപ്പോൾ മാത്രമാണ് ഞാൻ കേട്ടതും താഴോട്ടു കുനിഞ്ഞു നോക്കിയതും മറ്റു യാത്രക്കാരും, ടിക്കറ്റ് എക്സാമിനറും എന്നെതന്നേ നോക്കിക്കൊണ്ടിരുന്നു. എന്റെ കരിഞ്ചന്തയിലെ ടിക്കറ്റിന്റെ ഉടമസ്ഥൻ മുരുകേശനാണ് എന്ന് ഫ്ളാറ്റ്ഫോമിൽ പറഞ്ഞതിനെ ഞാൻ ഓർത്തു. ഒന്നും പറയാതെ ടിക്കറ്റ് എടുത്തു കൊടുത്ത്, വാങ്ങി അതിൽ ഒപ്പിട്ടശേഷം അദ്ദേഹം പോയി. പക്ഷേ അവിടെ ഉണ്ടായിരുന്ന റിട്ടയർ ചെയ്ത ഒരു മജിസ്ട്രേറ്റും എനിക്ക് പരിചയമുള്ള ഒരു ഡോക്ടറും എന്നെ നോക്കിക്കൊണ്ടിരുന്നു. അവരുടെ നോട്ടത്തിന് പല അർത്ഥങ്ങൾ ഉണ്ടായിരുന്നു.

എന്നെയും, എന്റെ പേരും നേരത്തേ അവർ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ലജ്ജിതനായി കുനിഞ്ഞുപോകുമായിരുന്നു. അവർ നിങ്ങൾ മുരുകേശൻ ആണോ? നിങ്ങൾ ഡോക്ടർ പുഷ്പരാജ് അല്ലേ എന്നൊന്നും എന്നോടു ചോദിച്ചില്ല. എന്നാൽ അവരുടെ നോട്ടത്തിൽ ആ ചോദ്യം ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കി ഞാൻ ലജ്ജിച്ചു. അന്ന് രാത്രി എനിക്ക് ശരിയായി ഉറങ്ങുവാൻ കഴിഞ്ഞില്ല.

എന്നെക്കുറിച്ച് അവർ എന്ത് കരുതിയിരിക്കും? എന്റെ ഭാഗ്യത്തിന് അവിടെ ക്രിസ്ത്യാനികൾ ആരും ഇല്ലായിരുന്നു. ഉണ്ടായിരുന്നുവെങ്കിൽ പ്രസംഗിക്കുന്ന ഡോക്ടറാണോ കരിഞ്ചന്തയിൽ ടിക്കറ്റ് വാങ്ങി യാത്ര ചെയ്യുന്നത് എന്ന് തീർച്ചയായും ചോദിക്കുമായിരുന്നു. ഇന്നും ആ സംഭവം ഞാൻ മറന്നിട്ടില്ല. അന്നു മുതൽ കരിഞ്ചന്തയിൽ ടിക്കറ്റ് വാങ്ങി. സ്ലിപ്പർ കോച്ചിൽ യാത്ര ചെയ്തിട്ടില്ല.

അതുപോലുള്ള വെറെ ഒരു സംഭവം അടുത്തകാലത്തായി 2015 ജനുവരി മാസം സംഭവിക്കുകയുണ്ടായി. അത് കരിഞ്ചന്തയിൽ ടിക്കറ്റ് വാങ്ങിയതല്ല. പക്ഷേ കൈക്കൂലി കൊടുത്ത സംഭവമാണ്.

ജാമക്കാരൻ മാസിക ഇതുവരെ അച്ചടിച്ചു വന്ന പ്രസ്സിൽ നിന്ന് മാറ്റി വേറെ ഒരു പുതിയ പ്രസ്സിൽ അച്ചടിക്കുവാൻ ജില്ലാ കളക്ടറിന്റെ അനുമതി വാങ്ങേണ്ടതായുണ്ട്. അതിനായുള്ള അപേക്ഷഫാറം പൂരിപ്പിച്ച് പ്രസ്സിന്റെ ഉടമസ്ഥന്റെ സമ്മതപത്രത്തോടൊപ്പം (Declaration) കളക്ടറിന്റെ അനുമതിക്കായി സമർപ്പിച്ചു. ആ അപേക്ഷ പ്രസ്സിനെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ച് ബോധ്യപ്പെടുത്തുവാനായി കളക്ടറുടെ ഓഫീസിൽ നിന്ന് തഹസിൽദാരുടെ ഓഫീസിലേയ്ക്ക് അയച്ചു. 2013 നവംബർ മാസം തഹസിൽദാരുടെ അന്വേഷണത്തിനായി അയയ്ക്കപ്പെട്ടു. മറുപടി ഒന്നും എനിക്ക് ലഭിച്ചില്ല. മാസങ്ങളായി ഒരു നടപടിയും ഉണ്ടായില്ല. ഏകദേശം 13 പ്രാവശ്യം തഹസിൽദാരുടെ ഓഫീസിൽ പോയി ഞാൻ തന്നേ അന്വേഷിച്ചു. രണ്ടുദിവസങ്ങൾക്കകം മറുപടി അയയ്ക്കാം എന്നു പറയും ഇതുപോലെ രണ്ടു വർഷങ്ങൾ കടന്നുപോയി. അവിടെയുള്ള പ്യൂൺ? സാർ നിങ്ങൾ വന്നാൽ ശരിയാകത്തില്ല. നിങ്ങൾ ഡോക്ടർ ആയതുകൊണ്ട് നിങ്ങളോട് പണം ചോദിക്കാൻ എല്ലാവർക്കും ഭയമാണ്. അതുകൊണ്ട് വേറൊരാളെ പറഞ്ഞയയ്ക്കുക എന്നു പറഞ്ഞു. വേറൊരു വ്യക്തിയെ പറഞ്ഞയച്ചു. പട്ടാളക്കാരുടെ സ്മാരകനിധിയ്ക്കായി, ഇന്ത്യയുടെ പതാക വിൽപന നടത്തി പണം ശേഖരിക്കുന്നു.അതിനായി 3000 രൂപ അവർ ആവശ്യപ്പെട്ടു. വേറെ മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട് രൂപ കൊടുത്തു. സുമാർ രണ്ടു വർഷങ്ങളായി അനങ്ങാതെ കിടന്ന എന്റെ അപേക്ഷ പരിശോധിച്ച് കളക്ടറുടെ ഓഫീസിലേക്ക് അയച്ചു. അവിടെയും കൈക്കൂലിക്കാർ ഉണ്ടായിരുന്നു. അവരുടെ മേശയിൽ നിന്ന് കളക്ടറുടെ മേശയിലേക്ക് എന്റെ പേപ്പർ എത്തിയില്ല.

ഒരു നല്ല ക്രിസ്തീയ വിശ്വാസി D.R.O പദവിയിൽ അവിടെ ഉള്ള വിവരം ഞാൻ അറിഞ്ഞ് അദ്ദേഹത്തെ സമീപിക്കുകയും ഡപ്യൂട്ടി കളക്ടർ മുതൽ ഉന്നത അധികാരികൾ വരെ ഇടപെടുകയും ഡോക്ടറുടെ അപേക്ഷയിന്മേൽ തുടർ നടപടികൾക്കായി എന്തുകൊണ്ട് രണ്ടു വർഷമെടുത്തു എന്ന് അന്വേഷിക്കുകയും ചെയ്തു. എന്നെ ടെലിഫോണിൽ ബന്ധപ്പെട്ട് 4 മണിക്ക് നേരിൽ കാണുവാൻ പറഞ്ഞു. 4 മണിക്ക് ഓഫീസിലെ ഉദ്യോഗസ്ഥർ എല്ലാവരും നിൽക്കവേ എനിക്ക് ഇരിപ്പിടം നൽകി. ഡി.ആർ.ഒ എഴുന്നേറ്റ് നിന്ന് ഇവർ ചെയ്ത തെറ്റിന് താൻ മാപ്പു ചോദിക്കുന്നതായും നിങ്ങളെ ഇതിനായി ഇത്രയും അലയുവാൻ ഇടയാക്കിയതിൽ ക്ഷമിക്കണ മെന്നും പറഞ്ഞു. ചിലരെക്കൊണ്ട് ഇങ്ങനെയുള്ള തെറ്റുകൾ സംഭവിക്കുവാൻ ഇടയാകുന്നത് ഞങ്ങൾക്ക് തടയുവാൻ സാധിക്കുന്നില്ല എന്ന് പറഞ്ഞ് മറ്റുദ്യോഗസ്ഥരെ പറഞ്ഞയച്ചശേഷം തനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ കൈകൂപ്പി നിന്നു. ഞാൻ പ്രാർത്ഥിച്ചു. ഉന്നത അധികാരപദ വിയിലുള്ള ഇങ്ങനെയുള്ള ചിലരെക്കൊണ്ട് സാധാരണജനങ്ങൾക്ക് ന്യായമായി നീതി ലഭിക്കുന്നു. അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. 1 തിമെ 2:1-3 ഈ സംഭവത്തിൽ ഞാൻ നൽകിയ 3000 രൂപയ്ക്ക് കോഴ എന്ന പേരില്ല. പതാകദിനനിധി എന്ന

പേരിൽ എന്നിൽ നിന്ന് വസൂലാക്കി.

പതാകദിനഫണ്ട് എന്ന പേരിൽ ആ കോഴയെ ഞാൻ ന്യായീകരിച്ചു. ഞാൻ കൈക്കൂലി കൊടുത്തില്ല എന്ന് എന്നെ തന്നെ സമാധിപ്പിച്ചു.

## പണം അന്തിമ തീരുമാനം കൈക്കൊള്ളുവാൻ പ്രേരകമാകുന്നുവെന്നത് സത്യമായിത്തീരുന്നു

പ്രസിദ്ധ സിനിമാനടൻ സൽമാൻഖാൻ നല്ലതുപോലെ മദ്യപിച്ച് കാർ ഓടിച്ച് വീടുകളില്ലാത്തതിനാൽ രാത്രിയിൽ വഴിയോരത്ത് വരിയായി കിടന്നുറങ്ങിയ ചിലരുമേൽ കാർ ഓടിച്ചു കയറുകയും ചിലർ മരിക്കുകയും, മറ്റു ചിലരുടെ കാലുകൾ ഒടിയുകയും മുറിച്ചു മാറ്റപ്പെടുകയും ഉണ്ടായി.

സൽമാൻഖാൻ അറസ്റ്റിലായി. കൊലപാതകം, മദ്യപിച്ച് കാർ ഓടിച്ചത് തുടങ്ങിയ പല കുറ്റങ്ങളും അദ്ദേഹത്തിന്റെമേൽ ചുമത്തപ്പെട്ടു. തന്റെ അംഗരക്ഷകനെ ലക്ഷക്കണക്കിന് പണം നൽകി താൻ (അംഗരക്ഷകൻ) കാർ ഓടിച്ചതായി പറയിച്ചു. പക്ഷേ അദ്ദേഹം ക്ഷയരോഗം ബാധിച്ച് മരണമടഞ്ഞതായി വാർത്ത വന്നു. പരാതി ഇല്ലാതാക്കിത്തീർക്കുവാൻ പോലീസും സഹായിച്ചു. സൽമാൻഖാന്റെ കേസുമായി ബന്ധപ്പെട്ട ഫയലുകൾ അഗ്നിബാധയാൽ നശിച്ചുപോയതായി അറിയിച്ചു. സുമാർ 10 വർഷങ്ങൾ വിധി കൽപിക്കാതെ കേസ് നീണ്ടുപോയി. **പണം കുലപാതകിയെയും കുറ്റവിമുക്തനാക്കും.**

വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിനാൽ അറസ്റ്റ് ചെയ്ത് വിധി കൽപിച്ചശേഷം കോടിക്കണക്കിന് രൂപ ഉള്ളടക്കം ചെയ്ത പെട്ടികൾ നൽകി. എതിർവിഭാഗ വക്കീലന്മാരെ പോലും വിലയ്ക്കു വാങ്ങി, പല ന്യായാധിപന്മാരെയും വിലയ്ക്കു വാങ്ങുവാൻ കഴിയും എന്നതായ പല സംഭവങ്ങളും നമ്മുടെ കൺമുന്നിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നു. തമിഴ്നാട്ടിൽ “ഗാന്ധികണക്ക്” എന്നു പറഞ്ഞ് ഒരു കണക്കുണ്ട്. അതുപോലെ പണം കൊടുത്ത് കോടതിവിധിയെ സ്വാധീനിക്കുന്ന വിധത്തിൽ വഞ്ചിക്കുന്ന കണക്കിനെ “കുമാരസ്വാമി കണക്ക്” എന്ന് ഇന്ത്യയിൽ പറയപ്പെടുന്നു. നല്ല വ്യക്തികൾ പോലും പണത്തിന് അടിമയാകുന്നു (ചിലർ ഒഴികെ). നമ്മുടെ പ്രിയ കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഇങ്ങനെ പ്രതിപാദിക്കുന്നു:

രണ്ടു തുട്ടേകുകിൽ ചുണ്ടിൽ ചിരിവരും
തെണ്ടിയല്ലേ മതം തീർത്ത ദൈവം
കൂദാശ നൽകിയാൽ കൂസാതെ പാപിയിൽ
കൂറേറും ഈശ്വരൻ ഈശ്വരനോ?
പാൽപ്പായസം നല്കിയാൽ സ്വർഗ്ഗത്തിലേക്കുടൻ
പാസ്പോർട്ടെഴുതുവോൻ എന്ത് ദൈവം?
കഷ്ടം മതങ്ങളെ നിങ്ങൾ തൻ ദൈവങ്ങൾ
നട്ടെല്ലൊടിഞ്ഞ നപുംസകങ്ങൾ!

ഇപ്രകാരമുള്ള പണത്തിന്റെ കളികൾ കോടതികളിൽ മാത്രമല്ല (നീതിപീഠങ്ങളിൽ) മഹായിടവകകളിൽ യോഗ്യതയില്ലാത്തവർക്ക് നിയമനം നൽകുവാനും യോഗ്യതയുള്ളവർക്ക് സ്ഥലംമാറ്റം മുതലായവയ്ക്കായി പണം ഇടനിൽക്കുന്നു. ഇതൊക്കെയും ബിഷപ്പുമാരുടെ ചുമതലയിൽ നടക്കുന്നു.

**ക്രിസ്തു ഇല്ലാത്ത സ്ഥലത്തും പണഅഴിമതി**

**ക്രിസ്തുവിന്റെ പേരിലും പണഅഴിമതി**

**കുറ്റം ചെയ്തവനും ന്യായം ചോദിക്കുന്നു**

**കുറ്റത്താൽ ബാധിക്കപ്പെട്ടവനും ന്യായം ചോദിക്കുന്നു.**

ആർക്കു ന്യായം നൽകണമെന്നത് പണം തന്നെയാണ് തീരുമാനിക്കുന്നത് എന്ന് തമിഴ് കവിയായ കണ്ണദാസൻ എഴുതിയിരിക്കുന്നത് എത്ര വാസ്തവമാണ്. ഇനി ഭാവിയിൽ എന്തൊക്കെ സംഭവിക്കും? കണ്ടറിയാം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി



# Website- പിശാച് Internet- ൽ കുടുങ്ങുന്ന യുവതലമുറ



ഇന്റർനെറ്റിന് അടിമയാകുന്നതിനെക്കുറിച്ച് മനശ്ശാസ്ത്രവിദ്ഗ്ദധൻ മാതാപിതാക്കൾക്ക് നൽകുന്നതായി ചില ഉപദേശങ്ങൾ:-

1. കുഞ്ഞുങ്ങൾ വെബ്സൈറ്റ് ഉപയോഗിക്കുമ്പോൾ എത്ര സമയം ചിലവാക്കുന്നു എന്ന് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്.
2. വെബ്സൈറ്റ് ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ എന്തെങ്കിലും ജോലി ചെയ്യുവാൻ ആവശ്യപ്പെട്ടാൽ കുഞ്ഞുങ്ങൾക്ക് കോപം ഉണ്ടാകുന്നോ എന്ന് ശ്രദ്ധിക്കുക.
3. പഠിക്കുന്നതിനേക്കാൾ ഇന്റർനെറ്റ് ഉപയോഗിക്കുവാൻ താൽപ്പര്യപ്പെടുന്നുണ്ടോ?
4. ഇന്റർനെറ്റിൽ സമയം ചിലവിടുന്നതുകൊണ്ട്, മാതാപിതാക്കളോടും കുടുംബസുഹൃത്തുക്കളോടും കൂടെ ദേവാലയത്തിൽ പോകുന്നത്, തിരുവചനം വായിക്കുന്നത് എന്നിവ കുറയുന്നുണ്ടോ? അല്ലെങ്കിൽ ഇവയൊക്കെയും പൂർണ്ണമായി മതിയാക്കി വെബ്സൈറ്റ് തന്നെ ശരണം പ്രാപിച്ച് ആയിരിക്കുന്നുവോ എന്നതും ശ്രദ്ധിക്കണം.
5. വെബ്സൈറ്റിൽ കാണുന്ന കൂട്ടുകാരാണ് വാസ്തമായി ജീവിതത്തിൽ ഉപയോഗമുള്ളവർ. നേരിൽക്കണ്ട് സംസാരിക്കുന്നവരെല്ലാം മോശപ്പെട്ടവരാണ്. കബളിപ്പിക്കുന്നു, അസൂയപ്പെടുന്നു എന്നുള്ള ചിന്തയോടു കൂടെ നിങ്ങളോട് പറയുന്നുണ്ടോ?
6. നിങ്ങളുടെ കുഞ്ഞുങ്ങൾ ഭവനത്തിൽ നിങ്ങളോട് സന്തോഷത്തോടുകൂടെ ഇടപെടാതെ വെബ്സൈറ്റിൽ ആയിരിക്കുമ്പോൾ മാത്രം പ്രസന്നമായ മുഖഭാവത്തോടെ ആയിരിക്കുന്നുവോ? ശ്രദ്ധിക്കുക.
7. പഠിക്കുവാനായി പുസ്തകങ്ങൾ ആവശ്യമില്ല. ഞാൻ വെബ്സൈറ്റിൽ കൂടെ മാത്രം പഠിച്ചുകൊള്ളാം എന്ന് പറഞ്ഞ് തനിച്ച് മുറിയിൽ കിടക്കുന്നുണ്ടോ? ശ്രദ്ധിക്കുക.

മേൽപറഞ്ഞതായ മാറ്റങ്ങൾ നിങ്ങളുടെ കുട്ടികളിൽ കാണുന്നുണ്ടെങ്കിൽ അത് നല്ല അടയാളമല്ല. വലിയ ആപത്തിൽ അകപ്പെട്ടു കഴിഞ്ഞു എന്ന് അർത്ഥം.

ഇപ്രകാരം മേൽ പറഞ്ഞ പ്രകാരം അതേ എന്നു ഉത്തരമാണ് എങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾ ഇന്റർനെറ്റിന് അടിമകളാണ്. അവരെ തിരുത്താം എന്ന് വിചാരിച്ച് നാം അവരോടു വഴക്കുണ്ടാക്കുന്നതിനേക്കാൾ ആദ്യം തന്നെ നല്ല ഒരു മനശ്ശാസ്ത്രവിദ്ഗ്ദ്ധനയോ അല്ല എങ്കിൽ കൗൺസലിംഗ് വിദഗ്ദ്ധനെയോ സമീപിക്കുന്നതാണ് ഉചിതമായത്. അല്ലെങ്കിൽ കുടുംബത്തിനുള്ളിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുവാനിടയാകും.

ഇപ്രകാരം കുഞ്ഞുങ്ങൾ ഇന്റർനെറ്റ് അടിമകളായി മാറുന്നതിന് ഒരു കാരണം മാതാപിതാക്കൾ തന്നെയാണ്. എന്തുകൊണ്ടെന്നാൽ മാതാപിതാക്കൾ തങ്ങൾക്ക് ടി.വി കാണുന്നതിനായും, തങ്ങളുടെ മറ്റു ജോലികളിൽ ശ്രദ്ധ ചെലുത്തുന്നതിനായും കുഞ്ഞുങ്ങളുടെ ഇടപെടൽ ഒഴിവാക്കുന്നതിനായി അവർക്ക് വീഡിയോ ഗെയിംസ് കളിക്കുവാൻ ഇന്റർനെറ്റ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. കുഞ്ഞുങ്ങൾ അവരുടെ ഏകാന്തത ഒഴിവാക്കുവാൻ ഇന്റർനെറ്റ് ഉപയോഗിച്ചു പുതിയ കൂട്ടുകാരെ കണ്ടുപിടിക്കുന്നു. പക്ഷേ ഇത് താൽക്കാലിക സന്തോഷം നൽകിയാലും നാളുകൾ കഴിയും തോറും പിശാചിന്റെ അടിമത്തത്തിനു നേരായി നയിക്കുന്നു.

ഈ നാളുകളിൽ ഇന്റർനെറ്റിന്റെ അമിത ഉപയോഗം മാനസിക പ്രശ്നങ്ങൾക്ക് അതായത് ഉത്കണ്ഠ (Anxiety Depression), വിഷാദരോഗം മുതലായവയ്ക്ക് കാരണമാകുന്നതായി. മനശാസ്ത്ര വിദഗ്ദ്ധന്മാർ കണ്ടെത്തുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ഇപ്രകാരമുള്ള പ്രശ്നങ്ങളിൽ അകപ്പെടുന്നതിനു മുന്നമേ (ഇന്റർനെറ്റിന് അടിമപ്പെടുന്നതിനു) ആരംഭത്തിൽ തന്നെ നാം മുൻകരുതലെടുക്കേണ്ടതാണ്. വീട്ടിന് വെളിയിൽ കളിക്കുവാൻ വിടുന്നത് അത് കുഞ്ഞുങ്ങളെ സമകാലിക പ്രശ്നങ്ങളെ നേരിടുവാൻ പ്രാപ്തരാക്കുന്നതായ പുതിയ കണ്ടുപിടിത്തങ്ങൾ എല്ലാം വളരെ നല്ലതാണ്. പക്ഷേ മനുഷ്യൻ അതിന്റെ ഒക്കെ ദുരുപയോഗത്തിൽ സംതൃപ്തി കണ്ടെത്തുന്നു. ജാഗ്രതയോടിരിക്കേണ്ടത് ആവശ്യമാണ്.

Internet - ഇന്റർനെറ്റ്, Face book മുതലായവയിൽ കുടുങ്ങുന്നതുമൂലമുള്ള പ്രശ്നങ്ങൾ ആദ്യം അഭിമുഖീകരിക്കേണ്ടി വരുന്നത് കുടുംബങ്ങൾക്കാണ്. ഇന്റർനെറ്റ് അതിന്റേതായ ആദ്യത്തെ വല വീശുന്നത് കുടുംബത്തിൻമേലും കുടുംബബന്ധങ്ങളിലുമാണ്. എങ്ങനെ? നോക്കാം.

**ഒരു സഹോദരിയുടെ സാക്ഷ്യം (ശ്രീമതി ജ്യോതിമാലാ മനുവേൽ)** : എന്റെ കുടുംബത്തിൽ നടന്നതായ ചില സംഭവങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കുഞ്ഞുങ്ങളുടെ ആവശ്യം, ആഗ്രഹം ഇവയൊക്കെ മുന്നിൽ കണ്ട് ആദ്യം ഞാൻ കമ്പ്യൂട്ടറും, അതിനു പിന്നാലെ രണ്ടു ലാപ്ടോപ്പും വാങ്ങിച്ചു കൊടുത്തു. അതിനെ തുടർന്നു അവർക്കു നൽകിയിരുന്നതായ സെൽഫോൺ Android Phone നായി വഴിമാറി. വീട്ടിൽ wi-fi (വൈ-ഫൈ) കണക്ഷനും എടുത്തു. ഇങ്ങനെ ഒന്നിനു പിന്നാലെ മറ്റൊന്നായി. ഓരോന്നും ഏർപ്പാടു ചെയ്യപ്പെട്ടു. ഗെയിംസ് കളിക്കുവാനും, ഡൗൺലോഡ് ചെയ്യാനും, ഫെയ്സ് ബുക്ക് ഉപയോഗിക്കുവാനും ഗൂഗിളിൽ അന്വേഷിച്ചു കണ്ടുപിടിക്കുവാനുമൊക്കെ എന്നെ എന്റെ മക്കളാണ് പഠിപ്പിച്ചത്.

**എന്താണ് ഫലം എന്നറിയാമോ?** സന്ധ്യാസമയങ്ങളിൽ ജോലി സമയം കഴിഞ്ഞ്, കോളേജ് വിട്ട്, വീട്ടിൽ വന്ന ഉടൻ ഞങ്ങൾ എല്ലാവരും ഓരോരുത്തരായി അവരുടേതായ കംപ്യൂട്ടറുകളിൽ ഞങ്ങളുടെ പ്രവർത്തനം ആരംഭിക്കുകയായി. സ്നേഹിതരോടുകൂടെ വാട്സ് അപ്പിൽ മെസ്സേജ് അയയ്ക്കുക. ഫെയ്സ്ബുക്കിൽ ബന്ധപ്പെടുക തുടങ്ങി രാത്രി നീളുവരെ ഞങ്ങളുടെ പ്രവൃത്തി തുടരുന്നു. ചാറ്റിംഗ് ചെയ്യുമ്പോൾ അപ്പപ്പോൾ ഞങ്ങൾ തനിയേ ഭ്രാന്തരെപ്പോൽ ചിരിക്കുന്നു. ഇതിന്റെ ഫലം എന്താണെന്നറിയാമോ? സന്ധ്യയ്ക്കുള്ള ഞങ്ങളുടെ വേദവായന, രാത്രിയിലെ വേദവായന, ആരാധന എല്ലാറ്റിനും ഗുഡ്ബൈ പറയേണ്ടി വന്നു.

ചില മാസങ്ങൾക്കു മുമ്പ് എനിക്ക് ചില ആരോഗ്യപ്രശ്നങ്ങൾ മൂലം ബെഡ്റെസ്റ്റ് എടുക്കേണ്ടി വന്നു. കുടിക്കുവാൻ വെള്ളം ആവശ്യപ്പെട്ട് ആരും ശ്രദ്ധിച്ചില്ല. ഞാൻ കിടക്കയിൽ കിടന്ന് ചുറ്റും നിരീക്ഷിച്ചു. എന്റെ ഭർത്താവ് മൂന്നു മക്കൾ എല്ലാവരും അവരവരുടെ കംപ്യൂട്ടറിൽ അത്യാവശ്യമായി പണി തുടർന്നു കൊണ്ടേയിരിക്കുന്നു. Chatting, Searching, Games എന്നീ മുറയ്ക്ക് അവർ പ്രവൃത്തിയിൽ ശ്രദ്ധയോടെ ഏർപ്പെട്ടിരിക്കുന്നു. എന്റെ വീട് ഒരു സോഫ്റ്റ്വെയർ കമ്പനി പോൽ കാണപ്പെട്ടു. അപ്പോഴാണ് ഞാൻ എന്നെക്കുറിച്ച് ചിന്തിച്ചത്. ഞാനും ഇന്നുവരെയും ഇതാണല്ലോ ചെയ്തുകൊണ്ടിരുന്നത്. മനസാക്ഷികുത്തുകയുണ്ടായി. ഞാൻ ചിന്തിച്ചു. തനിച്ച് ദൈവത്തോട് ക്ഷമ ചോദിച്ചു. പ്രാർത്ഥിച്ചു. ഞാൻ ഒരു പുതിയ തീരുമാനം എടുത്തു. ഞാൻ

എടുത്തതായ പുതിയ തീരുമാനത്തെക്കുറിച്ച് എന്റെ കുടുംബാംഗങ്ങളോടു പറയുവാൻ എനിക്ക് ജ്ഞാനം തരണമേ എന്നു പ്രാർത്ഥിച്ചു. എന്റെ കുഞ്ഞുങ്ങളെ വിളിച്ചു. അവരോട് സ്നേഹത്തോടെ പഴയകാര്യങ്ങളെ ഓർമ്മിപ്പിച്ചു. എന്റെ പ്രിയമക്കളേ മുഖത്തോടു മുഖം നോക്കി സംസാരിച്ചിട്ട് എത്ര നാളായി. കംപ്യൂട്ടർ ഇല്ലാത്തതായ കാലയളവിൽ നാം എന്തൊക്കെ സംസാരിച്ചു? ബാല്യകാല കുസൃതികൾ രസകരമായ അനുഭവങ്ങൾ തുടങ്ങി പലതും നാം നേരിൽ പറഞ്ഞു. രസിച്ചില്ലേ കടന്നുപോയതായ ആ പഴയ നാലുകൾ എത്ര സന്തോഷമേറിയവ ആയിരുന്നു. ഇന്നു അതെല്ലാം നമുക്ക് നഷ്ടമായില്ലേ? എന്ന് ശാന്തമായി പറഞ്ഞു മനസ്സിലാക്കിച്ചു.

കർത്താവിന്റെ കൃപയാൽ ഞങ്ങൾ എല്ലാവരും ഉണർത്തപ്പെട്ടു. ഞങ്ങൾ കുടുംബമായി ഒരു തീരുമാനത്തിലെത്തി. Internet- ൽ chatting, searching, games ഇവയെല്ലാറ്റിനുമായി ദിവസവും ഒരു മണിക്കൂർ മാത്രം ചിലവാക്കും. ബാക്കി സമയങ്ങളിൽ കുടുംബാംഗങ്ങൾ എല്ലാവരുമായി ചേർന്ന് ഒന്നിച്ചിരുന്നു. കാര്യങ്ങൾ പറയുകയും ചെയ്യുമെന്നു തീരുമാനിച്ചു. എന്റെ തീരുമാനത്തിന് കുടുംബാംഗങ്ങൾ എല്ലാവരും പിൻതാങ്ങി. അത് ദൈവത്തിന്റെ കൃപ. ഇന്ന് ഞങ്ങൾ എല്ലാവരും കുടുംബമായി ഒന്നിച്ചിരുന്ന് സംസാരിക്കുന്നു, ചിരിക്കുന്നു. കുടുംബവിശേഷങ്ങൾ മുതൽ ലോകവാർത്തകൾ വരെ ഞങ്ങളുടെ സന്ദർഭമുറിയിൽ ചർച്ച ചെയ്യപ്പെടുന്നു. എത്ര സന്തോഷമാണെന്നറിയാമോ?

ഇപ്പോൾ ഞങ്ങൾ എല്ലാവരും തിരുവചനം വായിക്കുന്നു, ധ്യാനിക്കുന്നു, പ്രസംഗിക്കുന്നു. കുടുംബമായി ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുന്നു. ഞങ്ങളുടെ കുടുംബബന്ധങ്ങൾ തകരുവാനിടയാക്കാതെ തക്ക സമയത്തിൽ ഞങ്ങളെ ഉണർത്തിയ ദൈവത്തിന് നന്ദി എന്ന് ഓർക്കുമ്പോഴൊക്കെ സ്തുതിക്കുന്നു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

**ഫേസ്ബുക്കിന്റെ ദോഷവശങ്ങൾ:** പഴയ സ്നേഹിതരോടുള്ള ബന്ധങ്ങൾ തുടരുവാനും പുതിയ സ്നേഹബന്ധങ്ങൾ ഉണ്ടാക്കുവാനും, വിവരങ്ങൾ കൈമാറുവാനും ഉപകരിക്കുന്ന നെറ്റ്‌വർക്ക് ആണ് ഫേസ്ബുക്ക്.

വിമലയും വിജയനും സന്തുഷ്ടിയോടെ ജീവിച്ചു വന്ന യുവമിഥുനങ്ങളാണ്. വിജയൻ തന്റെ ഭാര്യയ്ക്ക് ഒരു സ്മാർട്ട്ഫോൺ വാങ്ങിക്കൊടുത്തു. വിജയൻ ജോലിക്കായി പോയി കഴിയുമ്പോൾ ഭാര്യ ഫെയ്സ്ബുക്കിൽ തന്റെ സമയം ചിലവഴിച്ചു. പെട്ടെന്ന് ഒരുനാൾ അവളെ കാണാതായി. പലസ്ഥലങ്ങളിൽ അന്വേഷിച്ചിട്ടും കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ട് വിജയൻ പോലീസിൽ അറിയിച്ചു. മറ്റൊരു യുവാവിനൊപ്പം ജീവിക്കുന്നത് പോലീസ് കണ്ടുപിടിച്ചു. ഫെയ്സ്ബുക്ക് മൂലം തുടങ്ങിയ പരിചയം വഴിവിട്ട ബന്ധമായി മാറിക്കഴിഞ്ഞിരുന്നു. തന്റെ ഭർത്താവിനോടുള്ള ജീവിതം അവൾക്കിഷ്ടമില്ല എന്നവൾ പറഞ്ഞു. ഭാര്യയും ഭർത്താവുമായി പങ്കുവയ്ക്കേണ്ട വിഷയങ്ങൾ മറ്റു പുരുഷന്മാരുമായി ഇന്റർനെറ്റ് മൂലം പങ്കുവെയ്ക്കുന്നതുകൊണ്ട് വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു.

ഇന്റർനെറ്റിൽ ആർക്കുവേണമെങ്കിലും ആരുടെ ഫെയ്സ്ബുക്കിലും പ്രവേശിക്കാം. ഓപ്പൺ ചെയ്യാം. ആരോടുമായും ചാറ്റ് ചെയ്യാം. ഇപ്രകാരമുള്ള സ്വാതന്ത്ര്യം പല പാപപ്രശ്നങ്ങൾക്കും വഴി തുറക്കുന്നു.

**വേറൊരു സംഭവം** : തമിഴ്നാട്ടിലുള്ള ഒരു സ്ത്രീ ഇംഗ്ലണ്ടിൽ താമസിച്ചു വന്നു. ചെന്നൈയിലുള്ള ഒരാൾ ഫെയ്സ്ബുക്ക് മൂലം ആ സഹോദരിയോട് ബന്ധപ്പെട്ട താൻ ഒരു അനാഥാലയം

നടത്തിവരുന്നതായും, തന്റെ ഭാര്യ മരിച്ചുപോയതായും അറിയിക്കുകയുണ്ടായി. ആ സ്ത്രീ പലരിൽ നിന്നും പണം ശേഖരിച്ച് അയാൾക്ക് അയച്ചു കൊടുത്തു. നാളുകൾ കഴിഞ്ഞ് താൻ കബളിപ്പിക്കപ്പെട്ടതറിഞ്ഞ് മനസ്സ് തകർന്ന് വിഷാദരോഗത്തിന് അടിമ (depression) ആയി. ഇപ്രകാരമുള്ള പല സംഭവങ്ങൾ ഫെയ്സ് ബുക്ക് മൂലം ഉണ്ടായതായി അറിയുവാൻ കഴിയും. ഫെയ്സ് ബുക്ക് എന്നത് മൂർച്ചയേറിയ ഒരു കത്തിയാണ്. അത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. വീട്ടിലെ ജന്നലും കതകുകളും തുറന്ന് അത് നിങ്ങൾക്ക് ലോകം കാട്ടിത്തരുന്നു എന്നത് വാസ്തവമാണ്. പക്ഷേ ജന്നൽ തുറക്കേണ്ടുന്ന സമയത്തു തുറന്നാൽ മാത്രമേ നിങ്ങൾക്ക് നല്ല കുളിർകാറ്റു കിട്ടുകയുള്ളൂ.



## സെൽഫി–എന്ന–അർബുദവ്യാധി

തന്നെത്താൻ ഫോട്ടോ എടുക്കുന്നതായ “സെൽഫി” എന്നു പറയുന്ന കാൻസർ ഇപ്പോൾ വളരെ വേഗമായി പടർന്നു വ്യാപിച്ചുകൊണ്ടിരിക്കുന്നു. സെൽഫിക്കു ലഭിക്കുന്നതായ ലൈക്കുകൾ” സെൽഫി - പ്രിയരെ വലയിൽ കുരുക്കി വീണ്ടും വീണ്ടും സെൽഫി എടുക്കുവാൻ പ്രേരിപ്പിക്കുന്നു. 2013-ൽ ഓക്സ്ഫോർഡ് ഡിക്ഷണറി, ആ വർഷത്തെ ഏറ്റവും പ്രസിദ്ധമായ വാക്ക് സെൽഫി എന്നു അറിയിക്കുന്നു. ഇപ്രകാരമുള്ള സെൽഫി പ്രിയം ചിലപ്പോഴൊക്കെ ജീവൻ നഷ്ടപ്പെടുത്തക്കവിധം ആപത്തായി മാറുന്നു. മറ്റുള്ളവരെ ത്രസിപ്പിക്കുന്ന തരത്തിൽ ചിത്രങ്ങൾ എടുക്കുവാനുള്ള ആവേശത്തിൽ പലരും ആപത്തിൽപ്പെടുന്നു.

വേഗത്തിലോടുന്ന തീവണ്ടിയ്ക്കു മുന്നിൽ നിന്ന് സെൽഫി ചിത്രമെടുക്കുന്ന ആവേശത്തിൽ തീവണ്ടി തട്ടി ജീവൻ നഷ്ടപ്പെട്ടവർ പലരുമുണ്ട്. വളരെ ഉയരത്തിലുള്ള സ്ഥലത്തു നിന്ന് സെൽഫി എടുക്കുമ്പോൾ കാൽ വഴുതി മറിഞ്ഞുവീണു ജീവൻ നഷ്ടപ്പെട്ടവരുമുണ്ട്. ഏതായാലും അളവിൽ കൂടിയാൽ ആപത്താണ്.




**ഓൺലൈൻ ബിസിനസ്സ് ആപത്താണോ?** സൂചി മുതൽ ലോകം മുഴുവനും, ഒരു സിംഗിൾ ക്ലിക്കിൽ വാങ്ങിയ്ക്കുവാൻ കഴിയും. ഓരോ കടയിലും കയറിയിറങ്ങി സാധനങ്ങൾ വാങ്ങുന്നതിനേക്കാൾ ഇന്റർനെറ്റിൽ ഓൺലൈൻ ഷോപ്പിംഗിന് ഇപ്പോൾ വളരെ പ്രചാരം ലഭിച്ച് പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഇതിനായുള്ള നെറ്റ്വർക്ക് സൈറ്റുകൾ കണ്ടുപിടിച്ചു. വിശ്വാസയോഗ്യമായതു തിരഞ്ഞെടുക്കണം. ബന്ധപ്പെടേണ്ട നമ്പർ, മേൽവിലാസം, മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി തുടങ്ങിയ പ്രസിദ്ധീകരിക്കാത്തവ വ്യാജമാണ്. ഓൺലൈൻ മുഖേന സാധനങ്ങൾക്കു പകരം കല്ലും തടിക്കഷണങ്ങളുമൊക്കെ അയച്ചു. കബളിപ്പിക്കുന്ന പരിപാടികളുമുണ്ട്. കള്ള മേൽവിലാസങ്ങൾ നൽകി പണം അപഹരിക്കുന്ന പരിപാടികളും ധാരാളം സംഭവിക്കുന്നുണ്ട്. അറിവ് വർദ്ധിപ്പിക്കുവാൻ, ബിസിനസ്സിന്റെ വളർച്ചയ്ക്ക് ഒക്കെ സെൽഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്ട്സ്അപ്പ്, ടിിറ്റർ തുടങ്ങിയ ആധുനിക ഉപാധികൾ ഉപയോഗപ്പെടുത്തുന്നതിൽ തെറ്റില്ല. ഇന്ത്യയിൽ 7 കോടി ജനങ്ങൾ വാട്ട്സ് അപ്പ് ഉപയോഗപ്പെടുത്തുന്നായി സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നു. ചോദ്യപേപ്പർ സെൽഫോണിൽ വാട്ട്സ്അപ്പിൽ അയച്ച് ചോദ്യത്തിന്റെ ഉത്തരങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞു

കൊടുത്ത മോശമായ സംഭവങ്ങൾ സമീപത്തിൽ കണ്ടുപിടിക്കപ്പെട്ടു. അച്ചടക്കം പഠിപ്പിക്കേണ്ട അദ്ധ്യാപകർ തന്നെ ഇന്റർനെറ്റ് മോശപ്പെട്ട കാര്യങ്ങൾക്കുപയോഗിക്കുന്നത് എത്ര ഹീനമാണ്. അപ്രകാരം ചെയ്ത അദ്ധ്യാപകൻ ഇപ്പോൾ ജയിലിലാണ്. ഇന്റർനെറ്റിന്റെ വലയിൽ വീഴാതെ അത് മിതമായ രീതിയിൽ ഉപയോഗിക്കുന്നതായാൽ അതു നല്ലതാണ്. ഇന്റർനെറ്റിൽ കുരുങ്ങി ഉറക്കവും, ആരോഗ്യവും നല്ല സ്വാഭാവത്തെയും വിശുദ്ധിയും സൽപേരും കളഞ്ഞ് നഷ്ടപ്പെടുത്താതെ കരുതലോടെ നമുക്ക് ആയിരിക്കാം.

മേൽ വിവരിച്ച ജനങ്ങലുടെ മനസ്സ് കവരുന്നതായ ആധുനിക ഉപകരണങ്ങൾ എല്ലാം അന്തിക്രിസ്തുവിന്റെ വരവിനു മുമ്പ് ജനങ്ങളെ വശീകരിക്കുവാൻ പിശാച് ഉപയോഗിപ്പെടുത്തുന്നതായ ഉപകരണങ്ങൾ എന്നു മനസ്സിലാക്കി നല്ല ഉദ്ദേശത്തോടെ മാത്രം ഉപയോഗിക്കുന്നതായാൽ അന്തിക്രിസ്തുവിന്റെ അനുയായികളെ നിങ്ങൾക്ക് ആത്മബലത്താൽ തോൽപിക്കുവാൻ സാധിക്കും. പ്രാർത്ഥനയോടെ ഉപയോഗിക്കുക. ജയം ഉണ്ടാകട്ടെ. പ്രാർത്ഥിക്കാം.

## വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ്
## മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തുകൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാരാകട്ടെ.

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉണ്ടെങ്കിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

# ചോദ്യം - ഉത്തരം

## വിവാഹമോചനം

**ചോദ്യം:** എന്റെ മകൾ തന്റെ ഭർത്താവിനോടു യോജിച്ചു ജീവിക്കാൻ മടിക്കുന്നു. അവൾക്കു രണ്ടു വയസ്സായ ഒരു മകൾ ഉണ്ട്. കർത്താവു കൃപയായി അവൾക്കു ഒരു നല്ല ജോലി കൊടുത്തിരിക്കുന്നു. എന്നാൽ തന്റെ ഭർത്താവിൽ നിന്നും വിവാഹമോചനം നേടിത്തരാൻ ഞങ്ങളെ അവൾ വളരെ നിർബന്ധിക്കുന്നു. താങ്കളുടെ പ്രസംഗം ഞങ്ങൾ കേട്ടശേഷം വിവാഹമോചനം പാടില്ല എന്നതിൽ ഞങ്ങൾ നിർബന്ധം ഉള്ളവരായിരിക്കുന്നു. എന്നാൽ അവൾ തന്റെ പഠിത്തം അനുസരിച്ചു ജോലി വാങ്ങും; നിങ്ങൾക്കു ഞാൻ ഭാരമായിരിക്കയില്ല. നമ്മുടെ കുടുംബവീട്ടിനരികിൽ ഒരു വാടക വീടെടുത്തു ഞാനും എന്റെ മകളും ജീവിച്ചു കാണിക്കാം എന്നവൾ പറയുന്നു. താങ്കളുടെ വീട്ടിൽ ഞാനും എന്റെ ഭാര്യയും വന്നു പ്രാർത്ഥിച്ചുവരാൻ ആഗ്രഹിക്കുന്നു. ഏതു ആഴ്ച, ഏതു ചൊവ്വാഴ്ച ഞങ്ങൾ വരണം എന്നു അറിയിക്കണേ!

**ഉത്തരം:** നിങ്ങൾ മുകളിൽ വായിച്ചതു ചോദ്യോത്തര ഭാഗത്തുവന്നതല്ല; എനിക്കു വന്ന ഒരു കത്താണു. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ മാതാപിതാക്കൾ എന്റെയടുത്തു വന്നു പ്രാർത്ഥിച്ചുപോകുന്നതു കൊണ്ടു പ്രയോജനമില്ല. ഇതു സംബന്ധിച്ച വ്യക്തി (നിങ്ങളുടെ മകൾ) നേരിട്ടു വരണം. ഭർത്താവിനെ വിട്ടു പിരിഞ്ഞു ജീവിക്കാൻ എളുപ്പം. എന്നാൽ **നമ്മുടെ ദൈവം പിരിക്കുന്നവൻ അല്ല - ചേർക്കുന്നവൻ** എന്നതു നിങ്ങളുടെ മകൾ മനസിലാക്കാൻ വേദപുസ്തകം വായിപ്പിച്ചു അവളെ മനസിലാക്കും. അതും അവൾ മാനസാന്തരപ്പെട്ട അനുഭവം ഉള്ളവളായും വചനത്തിനു അനുസരണ കാണിക്കുന്നവളുമായിരുന്നാൽ മാത്രമേ എന്റെ ആലോചന അവൾക്കു പ്രയോജനമാവുകയുള്ളൂ. കൂടാതെ മാതാപിതാക്കളായ നിങ്ങളോടു ഞാൻ പറയുന്നതു ഭർത്താവിനെ വിട്ടുപിരിഞ്ഞുവരാൻ നിങ്ങളുടെ മകളെ ഉത്സാഹപ്പെടുത്തരുത്. അങ്ങനെ അനുവദിച്ചാൽ അവളുടെ വിഷയത്തിൽ കർത്താവു നിങ്ങളോടു കണക്കു ചോദിക്കും. അവൾ പിരിഞ്ഞു വരാൻ അവളെ നിങ്ങൾ ഉത്സാഹപ്പെടുത്തിയാൽ നിങ്ങൾ കർത്താവിന്റെ കോപത്തിനിടയാകും.

ഭർത്താവു എത്ര ക്രൂരത ചെയ്യുന്ന വ്യക്തി ആയിരുന്നാലും അവളുടെ ഭർത്താവു വേറെ സ്ത്രീയോടു ജീവിതം നടത്തുന്നു എന്നറിഞ്ഞാലും മാനസാന്തര അനുഭവം ഉള്ള വാസ്തവമായ ഒരു സ്ത്രീവിശ്വാസി ദൈവത്തോടു പ്രാർത്ഥിച്ചു അല്ലെങ്കിൽ ഉപവസിച്ചു തന്റെ ഭർത്താവിനെ മാനസാന്തര അനുഭവത്തിലേക്കു കൊണ്ടു വരാൻ ശ്രമിക്കണം. ആ പ്രവൃത്തിയിൽ അവൾ തോറ്റുപോയാലും അവൾ ആ ഭർത്താവിനോടു തന്നെ ജീവിക്കണം. ക്രിസ്തുവിന്മേൽ അവൾക്കുള്ള യഥാർത്ഥമായ സ്നേഹം ഭർത്താവിന്റെ ക്രൂരത സഹിക്കാൻ ഇടയാക്കും, താങ്ങാനും ഇടയാക്കും. 1 കൊരിന്ത്യർ 13 -ാം അദ്ധ്യായം വായിക്കണം. ഭർത്താവു മാനസാന്തരപ്പെടാൻ അധികകാലമായാലും **എല്ലാറ്റിനും ഒരു അവസാനം ഉണ്ടു** എന്നു വേദപുസ്തകം ഉപദേശിക്കുന്നു.

ത്ത കൊലപാതകനാകിയ **ശൗലിനെ** ദൈവം **പൌലോസാക്കി** മാറ്റിയില്ലേ?

ത്ത പല മദ്യപാനികളായ ഭർത്താക്കന്മാരെ രക്ഷിക്കപ്പെട്ട ഭാര്യമുഖാന്തിരം മാനസാന്തര അനുഭവത്തിലേക്കു കൊണ്ടുവരാൻ കർത്താവിനു സാധിക്കും.

ത്ത വേദപുസ്തകം പറയുന്നതു: 1 കൊരി:6:7... **നിങ്ങൾ അന്യായം സഹിച്ചു കൊള്ളാത്തതു എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തതു എന്ത്?**

ത്ത നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതു തന്നേ കേവലം പോരായ്മയാകുന്നു.

ത്ത ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം (അതായതു രക്ഷയുടെ അനുഭവം ഇല്ലാത്തവരായി, മാനസാന്തര അനുഭവം ഇല്ലാത്തവരായിരുന്നാൽ) ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും (1 പത്രോസ് 3:1, 2). ഇങ്ങനെയാണു നമ്മുടെ ക്രൈസ്തവവേദപുസ്തകം അതായതു നമ്മുടെ കർത്താവു നമ്മെ ഉപദേശിക്കുന്നതു. വേദവചനത്തിനു അനുസരിക്കാനുള്ള മനസ്സുള്ള ഭാര്യമാർ വേദപുസ്തകാടിസ്ഥാനത്തിൽ ഞാൻ പറഞ്ഞ ഈ ആലോചനയ്ക്കു അനുസരണ കാണിച്ചു **തന്റെ ഭർത്താവിനോടു** സകലവേദനകളും പീഢനങ്ങളും സഹിച്ചു സാക്ഷിയോടെ കർത്തൃനാമം മഹിമപ്പെടാൻ ജീവിച്ചുകാണിക്കും.

പൊതുവിൽ ഇക്കാലത്തിൽ വലിയ പഠിത്തം ഉള്ള സ്ത്രീകൾ, ജോലി ചെയ്തു സമ്പാദിക്കുന്ന സ്ത്രീകൾ **തന്റെ സ്വന്തം കാലിൽ നിൽക്കുന്ന** ധൈര്യം ലഭിച്ചാൽ തന്റെ ഭർത്താവിനെ തൂക്കി എറിഞ്ഞുകളയും. ഇനി ഭർത്താവിന്റെ ദയവു എനിക്കു ആവശ്യമില്ല, തങ്ങൾ സ്വതന്ത്രരായി തിരിയുന്നതിനു അവർക്കു ധൈര്യം വന്നുചേരുന്നു. തമിഴിൽ ഒരു പഴമൊഴി ഇങ്ങനെ പറയും: എലി കൊഴുത്താൽ അതിന്റെ മാളത്തിൽ (അതിന്റെ വീട്ടിൽ) തങ്ങുകയില്ല.

അതുകൊണ്ടു രക്ഷിക്കപ്പെടാത്ത നിങ്ങളുടെ മകളെ പോലെയുള്ള ഭൂരിപക്ഷം സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ അലക്ഷ്യപ്പെടുത്തി തനിയെ ജീവിക്കാൻ ആഗ്രഹിക്കുന്നു. വേദപുസ്തകാടിസ്ഥാനത്തിൽ അതു തെറ്റു.

ത്ത നവീനകാല സ്ത്രീകൾ ഇതു **സ്ത്രീകളുടെ അവകാശം** എന്നു അഹങ്കാരത്തോടെ പറഞ്ഞു തങ്ങളെ ന്യായീകരിക്കാറുണ്ട്.

ത്ത ഞാൻ പറഞ്ഞ ഈ ആലോചന മാനസാന്തരപ്പെടാത്ത തന്റെ ഭാര്യയെ മാതാവിന്റെ വീട്ടിലേക്കു തള്ളിവിടുന്ന ഭർത്താക്കന്മാർക്കും യോജിക്കും.

ത്ത കർത്താവേ നിന്റെ ഇഷ്ടം ചെയ്വാൻ എന്നെ പഠിപ്പിക്കേണമേ (സങ്കീ: 143:10) എന്നു ദാവീദു ചോദിച്ചതുപോലെ ചോദിച്ചു ജീവിക്കാൻ പരിചയിക്കുന്ന ആർക്കും **ഭാര്യ – ഭർത്താക്കന്മാർക്കുള്ളിൽ** പിരിഞ്ഞുജീവിക്കാനുള്ള ചിന്ത വരുകയില്ല. അങ്ങനെ പിരിഞ്ഞു ജീവിക്കുന്നവർക്കു ന്യായവിധിയിൽ ലഭിക്കുന്ന നില വളരെ മോശമായിരിക്കും.

> **വിവാഹം കഴിഞ്ഞവരോടോ ഞാനല്ല കർത്താവു തന്നെ കല്പിക്കുന്നതു, ഭാര്യ ഭർത്താവിനെ വേറുപിരിയരുതു; പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കേണം;**
> **അല്ലെന്നു വരികിൽ ഭർത്താവോടു നിരന്നുകൊള്ളേണം, ഭർത്താവു ഭാര്യയെ ഉപേക്ഷിക്കയുമരുതു (1 കൊരി:7:10, 11).**
> ജാഗ്രത.

## കന്യാകുമാരി സി.എസ്.ഐ ഡയോസിസ് മെധുകുമ്മൽ (എസ്.പി.മങ്കാട്) സി.എസ്.ഐ ഇടവകദിന കൺവൻഷൻ





മെധുകുമ്മൽ എന്ന് പറയുന്നത് ഒരു ചെറിയ ഗ്രാമമാകുന്നു. ഈ ഗ്രാമസഭയിലെ കൺവൻഷൻ വളരെ അനുഗ്രഹപ്രദാമായിതീർന്നു. റവ.ഇ.ജോസഫ് ഡാൽവിൻ അവർകൾ യോഗത്തിന്റെ ഏർപ്പാടുകൾ ചെയ്തിരുന്നു. റവ.ആർ.ജോൺ, റവ.ഡി.മദ്ധ്യാസ്, റവ.ഡോ.ജെ.ഡബ്ലിയു.പ്രകാശ് (സൗത്ത് കേരള ഡയോസിസ്) എന്നുള്ളവർ ഈ യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. 4 ദിവസങ്ങളിലും കർത്താവിന്റെ വചനങ്ങളെ ഞാൻ പങ്കുവെച്ചു. ദൈവത്തിന്റെ നാമം മഹിമപ്പെടുമാറാകട്ടെ.

## കന്യാകുമാരി സി.എസ്.ഐ ഡയോസിസ് ഇണയം സി.എസ്.ഐ തോപ്പുവിള യോഗങ്ങൾ





കന്യാകുമാരി ഡയോസിസിലുള്ള ഇണയം സി.എസ്.ഐ യോഗങ്ങൾ വളരെ അനുഗ്രഹിക്കപ്പെട്ടു. റവ.ജ്ഞാനദാസൻ അവർകളും മറ്റ് അച്ചന്മാരും ഈ യോഗത്തിന്റെ ഏർപ്പാടുകളെ പ്രാർത്ഥനയോടെ ചെയ്തിരുന്നു. പലർക്ക് രോഗസൗഖ്യം ലഭിച്ചു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

# കന്യാകുമാരി സി.എസ്.ഐ ഡയോസിസ് നെയ്യൂർ സി.എസ്.ഐ ഹോം ചർച്ച് യോഗങ്ങൾ



ദൈവത്തിന്റെ കൃപയാൽ ഈ വലിയ സഭയിൽ നടന്ന യോഗങ്ങൾ എല്ലാം അനുഗ്രഹമായിരുന്നു. പല സ്ഥലത്തു നിന്നും ധാരാളം ആളുകൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. നെയ്യൂർ സി.എസ്.ഐ ഹോസ്പിറ്റലിലെ ഡോക്ടർമാരും, നഴ്സുമാരും പ്രത്യേകമായി എന്നെ വന്നു കാണുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പള്ളി വികാരി അച്ചൻ റവ.ഡോ.എ.ആർ.ചെല്ലയ്യ, കൊച്ചച്ചൻ റവ.ജി.മാണിക്യരാജ് അവർകളും ഈ യോഗത്തിന് ഏർപ്പാടു ചെയ്തിരുന്നു. ബിഷപ്പ് അവർകൾ ഉദ്ഘാടനം ചെയ്തു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

## നീ ഉയരമുള്ളവനോ?

ജീവിതത്തിൽ ചില സമയങ്ങളിൽ ഞാൻ ആരംഭിച്ച ജോലി എനിക്കു ശേഷം തുടരുമോ? എന്നെപ്പോലെ അതുപിൻതുടരുമോ? എന്നു ആശ്ചര്യപ്പെടേണ്ടി വരും. കവിയും നോവൽ എഴുത്തുകാരനുമായ ഒരു യെഹൂദൻ, നാം നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുന്ന പാത്രങ്ങളെക്കുറിച്ചു ഉപമ മുഖാന്തിരം ഇങ്ങനെ സൂചിപ്പിക്കുന്നു. അപ്പാ, ഞങ്ങൾക്കു ഒരു കഥ പറഞ്ഞു തരണം എന്നു രാത്രി ഭക്ഷണസമയത്തു അപ്പനോടു ഇങ്ങനെ മക്കൾ ചോദിച്ചു. “എന്തു കഥ വേണം?” എന്നു അപ്പൻ ചോദിച്ചു. “ഉയരമുള്ള മനുഷ്യനെപ്പറ്റി” എന്നു ഒരേ ശബ്ദത്തിൽ മക്കൾ ചോദിച്ചു. അപ്പൻ കഥ പറയാൻ ആരംഭിച്ചു. ഒരു വലിയ എക്സിബിഷൻ ചുറ്റിക്കാണണമെന്നു ഒരു മകൻ തന്റെ അപ്പനോടു പറഞ്ഞു. അതുകൊണ്ടു അപ്പനും മകനുമായി അടുത്ത ദിവസം പുറപ്പെട്ടു. അവിടെ ഭയങ്കര ആൾക്കൂട്ടം. ആ എക്സിബിഷൻ കാണാൻ സാധിക്കാതവണ്ണം ഭിത്തികളിന്മേലെല്ലാം മനുഷ്യർ ആയിരുന്നു. അപ്പൻ തന്റെ മകനെ തന്റെ തോളിന്മേൽ കയറ്റി ഇരുത്തി. അല്പസമയത്തിനുള്ളിൽ എക്സിബിഷൻ പ്രദക്ഷിണം തുടങ്ങി. ചെറിയ മകൻ തന്റെ അപ്പനോടു താൻ കാണുന്ന ഓരോന്നും പറഞ്ഞുകൊണ്ടിരുന്നു. എത്ര മനോഹരമായ വർണ്ണക്കാഴ്ചകൾ; രൂപങ്ങൾ എന്നു ആശ്ചര്യത്തോടു വിവരിച്ച ചെറിയ മകനു അഭിമാനം താങ്ങാൻ സാധിക്കുന്നില്ല. താൻ കാണുന്നതൊന്നുംതന്റെഅപ്പൻകാണുന്നില്ലല്ലോഎന്നുകളിയാക്കി. “എന്നാൽ” അപ്പൻ നടന്നുപോകുന്നതു നിറുത്തി. തന്റെ മക്കളെ നോക്കിപ്പറഞ്ഞു. “ആ ചെറിയ മകൻ തന്നെക്കൊണ്ടു എങ്ങനെ കാണാൻ സാധിച്ചു എന്നതും അങ്ങനെ കാണാൻ കാരണവും തന്റെ അപ്പൻ തന്നെ എന്നതും മറന്നുകളഞ്ഞു” എന്നു അപ്പൻ പറഞ്ഞു സമാധാനിച്ചു. കഥ തീർന്നതുപോലെ “ഇത്രതന്നെയോ? ഉയരമുള്ള മനുഷ്യനെപ്പറ്റി അല്ലേ കഥ പറയാൻ പോകുന്നു എന്നു കരുതി”. ഉയരമുള്ള മനുഷ്യനെപ്പറ്റിയാണു കഥ പറഞ്ഞതു! താൻ ഉയരമുള്ളവൻ എന്നു തെറ്റായി കരുതിയ ഒരു ചെറിയ മകനെപ്പറ്റിയാണു പറഞ്ഞതു എന്നു അപ്പൻ പറഞ്ഞു. “എങ്ങനെ?” എന്നു മക്കൾ ചോദിച്ചു. ‘ഉയരമായവൻ ’എന്ന വ്യക്തി താൻ മറ്റൊരുത്തന്റെ തോളിൽ ഇരിക്കുന്നതു ഉണർന്നിരിക്കുന്നവനാണു എന്നു പറഞ്ഞു. “അങ്ങനെ നാം ഉണർന്നില്ലെങ്കിൽ” എന്ന ഒരു മകൻ ചോദിച്ചതിനു അപ്പൻ മറുപടി പറഞ്ഞതു അതും “വലിയ ഭാരമാണു”. നമ്മുടെ കാലത്തിനുശേഷം നാം ഓർമ്മിക്കപ്പെടുമോ? നാം വിതച്ചവിത്തുകൾ ഫലം തരുമോ? ഇതെല്ലാം നാം എങ്ങനെ നടക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഉയരമുള്ളവരായിരിക്കാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നതു. വലിയ ഭാരമായിരിക്കാൻ അല്ല.

## ഓരോ മാസവും ജാമക്കാരൻ പ്രസിദ്ധീകരിക്കപ്പെടും

രണ്ട് മാസത്തിന് ഒരിക്കൽ അയച്ചുകൊണ്ടിരുന്ന ജാമക്കാരൻ മാസിക ഇനി ഓരോ മാസവും പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ മാസവും 30–ാം തീയതിയ്ക്കകത്ത് ജാമക്കാരൻ നിങ്ങളുടെ കയ്യിൽ ലഭിക്കത്തെവിധം അയക്കുന്നതാണ്. ധാരാളം വായനക്കാർ തങ്ങളുടെ സന്തോഷത്തെ കത്ത്, ഫോൺ, ഇ–മെയിൽ വഴിയായി അറിയിച്ചത് കൂടുതൽ ഉത്സാഹപ്പെടുത്തി. അതിനേക്കാൾ വലിയ സന്തോഷം ഞാൻ മാസാമാസം മാസിക പ്രസിദ്ധീകരിക്കാൻ പോകുന്നു എന്ന് അറിയിച്ച ഉടൻതന്നെ ഓരോ വായനക്കാരും അവർ അയച്ചുകൊണ്ടിരുന്ന കാണിയ്ക്കയുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്തു. ദൈവനാമം മഹത്വപ്പെടട്ടെ! കാണിയ്ക്ക തന്നും, പ്രാർത്ഥിച്ചും, ഉത്സാഹപ്പെടുത്തുകയും ചെയ്ത എല്ലാ വായനക്കാർക്കും നന്ദി അറിയിക്കുന്നു.

**JULY 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.